പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## പത്താമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

പത്താമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

464/2007.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 44 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ

,, എം. എം. മോനായി

,, സി. പി. മുഹമ്മദ്

,, എം. മുരളി

,, പി. റ്റി. എ. റഹീം

,, വി. ശിവൻകുട്ടി

,, വി. ജെ. തങ്കപ്പൻ

,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി

ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി

,, പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി

,, കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2007 ജനുവരി മാസം 25-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2007 മാർച്ച് 21.

## റിപ്പോർട്ട്

പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

### കാവശ്ശേരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് വാങ്ങിയ സാധനങ്ങൾക്കുള്ള അധിക വില സംബന്ധിച്ച്

പുളക്കൻകാട്-കാടൻക്കോട് റോഡ് നിർമ്മാണം മെഷർമെന്റ് ബുക്ക് 1/92-93 8-ാം പേജ് പ്രകാരം 66.38 ക്യു.മീ. മെറ്റൽ ഉപയോഗിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 21,484 രൂപയുടെ 88.99 ക്യു.മീ. മെറ്റൽ വാങ്ങുകയുണ്ടായി. ആയതിനാൽ അധികമായി വാങ്ങിയ 22.61 ക്യു.മീ. മെറ്റലിന്റെ വില നഷ്ടമായിരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ II.3]

ആഡിറ്റ് ഖണ്ഡികക്ക് കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

1. മരാമത്ത് പണി—അധിക ചെലവ് അംഗീകരിക്കുന്നില്ല. പുളക്കൻകാട്-കാടൻക്കോട് റോഡ് വികസനം—അനുമതി—17-10-1996-ലെ 3-ാം നമ്പർ കമ്മിറ്റി തീരുമാനം 90,000 രൂപ പഞ്ചായത്ത് നേരിട്ട് നടത്തിയ ഈ പ്രവർത്തിയിൽ താഴെ കാണിച്ച ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി-ഇനം-6-ൽ 70:30 അനുപാതത്തിൽ 60 എം.എം. 36 എം.എം. ഗ്രേഡ് മെറ്റൽ സപ്ലൈ ചെയ്യലും സ്റ്റോക്ക് ചെയ്യലുമാണ്. എസ്റ്റിമേറ്റിൽ 120 ക്യു.മീ. മെറ്റൽ ആവശ്യമായി കാണിച്ചെങ്കിലും 26-11-1996-ന് ശ്രീ. വി. നാരായണനിൽ നിന്നും 88.99 എം.$^3$ മെറ്റൽ, എം.$^3$-ന് 2387.72 രൂപ നിരക്കിൽ 21,484 രൂപക്ക് വാങ്ങിയതായി കാണുന്നു. പക്ഷേ പ്രവൃത്തി അളവെടുത്ത് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്, 66.38 എം.$^3$ മെറ്റൽ മാത്രമേ ഈ പ്രവർത്തിക്കായി ഉപയോഗിച്ചിട്ടുള്ളൂ എന്നാണ്. (എം. ബുക്ക് 1/92-93-ലെ പേജ് 80 കാണുക) ബാക്കി മെറ്റൽ മറ്റേതെങ്കിലും പ്രവർത്തിക്കായി ഉപയോഗിച്ചതായും ചെലവ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. അക്കാരണത്താൽ അധികം വാങ്ങിയ മെറ്റലിന്റെ വില 5,638 രൂപ (21484-15846) ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. ഫലപ്രദമായ നടപടി സീകരിച്ചതിന്റ അടിസ്ഥാനത്തിൻ പഞ്ചായത്ത് ഫണ്ടിൽ നിന്ന് അധികം ചെലവായ 5638 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് 13-12-2005-ലെ 71/53793-ാം നമ്പർ രസീതി പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

### നിഗമനങ്ങൾ/ശുപാർശകൾ

3. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക പഞ്ചായത്തു ഫണ്ടിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

## പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്ത് പണിക്കാവശ്യമായ സാമഗ്രികൾ അധിക വിലയ്ക്ക് ശേഖരിച്ചത്

ഉപാധിരഹിത ഫണ്ട് വിനിയോഗം, തുംപിപ്പള്ളം-കംപിളിച്ചുങ്കം റോഡ് മെറ്റലിംഗ് റിട്ടെനിംങ്ങ്വാൾ പ്രവൃത്തികൾ.

ഇതിന്റെ റിട്ടെയിനിംഗ്വാൾ നിർമ്മാണത്തിനു 264.27 ക്യു.മീ. പാറ എം.$^{3}$ന് 250 രൂപാ നിരക്കിൽ 66,067.00 രൂപയ്ക്ക് 28/1-97, 46/1-97 എന്നീ വൗച്ചറുകൾ പ്രകാരം വാങ്ങുകയുണ്ടായി (മെഷർമെന്റ് ബുക്ക് 1/95-96 പേജ് 38 മുതൽ 70 പ്രകാരം പ്രവൃത്തി) എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 9-7-1996-ലെ 4-ാം നം. 1/10-12-1996-ലെ 9 (2)-ാം നമ്പർ തീരുമാനങ്ങൾ പ്രകാരം ഉപാധിരഹിത ഫണ്ടിന്റെ പ്രവൃത്തികൾ ക്കായുള്ള സാമഗ്രികൾ പ്രാദേശിക നിരക്കിൽ വാങ്ങണമെന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. അതുപോലെ പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 11-3-1997-ലെ 1070/97-ാം നമ്പർ കത്തു പ്രകാരം പാറയുടെ പ്രാദേശിക വില ക്യു.മീ. നു 230 രൂപയായി അംഗീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കും വിരുദ്ധമായി സാധനം വാങ്ങിയതിനാൽ അധികമായി നൽകേണ്ടി വന്ന ചെലവ് 5,285 രൂപ അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV 2]

ആഡിറ്റ് ഖണ്ഡികക്ക് പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

4. "അധികം ചെലവ് ചെയ്ത 5,285 രൂപ കരാറുകാരനായ ശ്രീ.എം.മോഹൻ ദാസിൽ നിന്നും 11-4-1997-ലെ 8/47758 രശീതി പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ആയത് 26-11-2005 ലെ L.F.P8/15/98 നമ്പർ കത്ത് പ്രകാരം ടി തടസ്സം പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

5. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ കാലത്ത് തന്നെ ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടയ്ക്കാനുള്ള തുക പഞ്ചായത്തിൽ തിരിച്ചടച്ചു എന്നുള്ളത് ശ്ലാഘനീയമാണെന്നും മറ്റു പഞ്ചായത്തുകളും ഈ മാതൃക പിന്തുടരണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

## പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പണം പിൻവലിക്കലുകൾ—അനധികൃതമായി നടത്തിയവ

അൺടൈഡ് ഫണ്ട് സ്കീം 1994-95 വിനിയോഗിച്ചു കൊടിയംപാറ കിണർ നിർമ്മാണത്തിനു 49/7-96 പ്രകാരം 10,000 രൂപ പഞ്ചായത്ത് സെക്രട്ടറി അഡ്വാൻസായി പിൻവലിച്ചു.

ഈ തുകയിൽ കിണർ നിർമ്മാണ ചെലവിലേക്ക് എന്ന് രേഖപ്പെടുത്തിയ വൗച്ചർ മാത്രമേ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുള്ളു. എന്നാൽ നിർമ്മിച്ച കിണറിന്റെ സ്ഥല വിവരം നിർമ്മാണ പ്രവർത്തനത്തിന്റെ അളവു രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക്—നിർമ്മാണത്തിനുപയോഗിച്ച സാമഗ്രികളുടേയും മനുഷ്യശേഷിയുടേയും വിവരണം, നിർമ്മാണം പൂർത്തിയാക്കിയതിനെ സംബന്ധിച്ച ആധികാരിക രജിസ്റ്റർ, നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിച്ച വസ്തുവിന്റെ ഉമസ്ഥാവകാശം, സ്വഭാവം, കിണറിന്റെ വിവരണം രേഖപ്പെടുത്തിയ പഞ്ചായത്തിലെ കുളങ്ങളുടേയും കിണറിന്റെയും രജിസ്റ്റർ ഇവ ആഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനവും ധനവിനിയോഗവും അംഗീകരിക്കുന്നില്ല. അതുപോലെ തന്നെ ബാക്കി തുകയായ 3,790 രൂപയുടെ വിനിയോഗം വ്യക്തമാക്കിയിട്ടില്ല. അഡ്വാൻസ് അനർഹമായി പിൻവലിച്ചതായി കാണുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ട് ആഡിറ്റ് ഖണ്ഡിക നമ്പർ V-2]

ആഡിറ്റ് ഖണ്ഡികയ്ക്ക് പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

6. അൺടൈഡ് ഫണ്ട് T.S.P യിൽ ഈ പദ്ധതിക്കുവേണ്ടി 42,000 രൂപയുടെ എസ്റ്റിമേറ്റ് 23-7-1996-ലെ 5(11) തീരുമാന പ്രകാരം അംഗീകരിക്കുകയും പ്രസ്തുത തീരുമാനപ്രകാരം തന്നെ 10,000 രൂപ അഡ്വാൻസ് പിൻവലിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 1/95-96 മെഷർമെന്റ് ബുക്കിൽ 64 മുതൽ 70 വരെയുള്ള പേജുകളിൽ റിക്കാർഡ് ചെയ്തിട്ടുണ്ട്. എം. ബി. പ്രകാരമുള്ള വാല്യുവേഷൻ 38,320 രൂപയും ചിലവഴിച്ചിട്ടുള്ള തുക 37,703 രൂപയും ആണ്. 37,703 രൂപയുടെ വൗച്ചറുകൾ താഴെ പറയും പ്രകാരമാണ്:

| *Sl. No.* | *Item* | *Amount* | *Cheque No.* | *Voucher No. & Date* |
|---|---|---|---|---|
| 1 | Advance Drawn for earth work N.M.R. | 10,000.00 | 159815 | 49/25-7-96 |
| 2 | N.M.R. | 6,210.00 | 16027 | 66/22-08-96 |
| 3 | Cost of bricks purchased | 10,000.00 | 401 | 1/01-08-97 |
| 4 | N.M.R. | 2,000.00 | 1077 | 8/03-03-98 |
| 5 | Rent for pumb bailling out of water (5 days x 300) | 1,500.00 | 1082 | 25/06-03-98 |
| 6 | Cost of Materials | 5,113.00 | 1086 | 33/10-03-98 |
| 7 | Cost of 10 bags cement | 1,620.00 | 1086 | 34/10-03-98 |
| 8 | Estimate preparation & supervision | 840.00 | .. | 29/-06-98 |
| 9 | T.S. & C.M. Charges | 420;00 | .. | 28/-06-98 |

7. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 03/98-ലാണ് പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുക 10,000 രൂപ ഈ പ്രവൃത്തിയുടെ തൊഴിൽ കൂലി നൽകാൻ വിനിയോഗിച്ചിട്ടുണ്ട്. 66/08.96 വൗച്ചർ പ്രകാരമുള്ള ചെലവ് 6,210 രൂപയാണ്. ആയതിൽ രജിസ്റ്റർ പ്രകാരം എൻ.എം.ആറും. വൗച്ചറിൽ 6,210 രൂപയുടെ എസ്റ്റിമേറ്റ് കോപ്പിയും കാണുന്നുണ്ട്.

8. A1.733/98/17-4-1999-ൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ 6,210 രൂപ സാധനങ്ങളുടെ വിലയായി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

9. മേൽ ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കാനുള്ള 3,790 രൂപ തിരിച്ചടയ്ക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറി നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ലെന്നും, ധനവിനിയോഗം സംബന്ധിച്ച് എന്തെല്ലാം രേഖകളുണ്ടെന്നും 6-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. 10,000 രൂപ എടുത്തതിന് എൻ.എം.ആർ, മസ്റ്റർ റോൾ എന്നിവ ഉണ്ടെന്നും, കൂലി കൊടുക്കാനാണ് 10,000 രൂപ പിൻവലിച്ചിരുന്നതെന്നും 38,320 രൂപയുടെ വാല്യുവേഷനുള്ള ആ വർക്കിന് ആകെ 37,703 രൂപ മാത്രമേ ചെലവായുള്ളൂ എന്നും വർക്ക് പൂർത്തിയായതായും പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു കിണറിന് എങ്ങനെയാണ് 37,000 രൂപ ചെലവു വരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് കിണർ ഇപ്പോൾ ഉപയോഗ യോഗ്യമാണെന്നും 42,000 രൂപയുടെ എസ്റ്റിമേറ്റായിരുന്നുവെന്നും, ഒരു കുന്നിൻ മുകളിലാണ് കിണർ സ്ഥിതി ചെയ്യുന്നതെന്നും, ചുടുകട്ട, മറ്റു സാധന സാമഗ്രികൾ, 10 ചാക്ക് സിമന്റ്, പമ്പിന്റെ വാടക, തൊഴിലാളികളുടെ വേതനം എന്നിവ ഉൾപ്പെടെ ആകെ 37,000 രൂപ ചെലവു വന്നെന്നും ഇതെല്ലാം മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

10. എസ്റ്റിമേറ്റ് തുക 47,000 രൂപയാണെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടു. ഈ പദ്ധതിയ്ക്ക് ഡി.ഡി.പി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആ കാലയളവിൽ ഡി.പി.ഒ. യാണ് അനുമതി നൽകേണ്ടതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച മസ്റ്റർ റോൾ ഹാജരാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പതിനായിരം രൂപയുടെ മസ്റ്റർ റോൾ മാത്രമേ താൻ കൊണ്ടുവന്നിട്ടുള്ളൂവെന്നും ബാക്കി വൗച്ചർ മുഖാന്തിരമുള്ളതാണെന്നും, ബന്ധപ്പെട്ട രജിസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ആ കൊല്ലത്തെ വൗച്ചർ പരിശോധിച്ചിട്ടുണ്ടെന്നും ഈ തുക ടാലി ചെയ്ത് വന്നിട്ടുണ്ടെന്നും പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി. മെറ്റീരിയൽസ് വാങ്ങിയതു സംബന്ധിച്ച വൗച്ചേഴ്സും കൂലി കൊടുത്ത മസ്റ്റർ റോളും പരിശോധിച്ച് ആഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും, കിണർ അവിടെയുണ്ടോയെന്ന് ഡി.ഡി.പി. പ്രാദേശിക പരിശോധന നടത്തിയശേഷം 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

11. സമിതിയുടെ 17-1-2006-ലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സന്ദർശന വേളയിൽ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി കെ. ഗൗരിയിൽ നിന്നും മേൽ പരാമർശങ്ങളെ സംബന്ധിച്ച വിശദീകരണം ആരായുകയുണ്ടായി. തുടർന്ന് സമിതി പരാമർശ വിധേയമായ ഫയലുകൾ പരിശോധിക്കുകയുണ്ടായി.

12. കൊടിലംപാറ കിണർ നിർമ്മിച്ചിരിക്കുന്നത് കോളനിയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വനപ്രദേശത്ത് ആൾ താമസമില്ലാത്ത വിജനമായ പ്രദേശത്താണ് പ്രസ്തുത കിണർ സ്ഥിതി ചെയ്യുന്നതെന്നും നിർമ്മാണ കാലത്തിന് വളരെ മുമ്പ് നിർമ്മിച്ചതെന്ന് തോന്നുന്ന തരത്തിലാണ് കിണറിന്റെ അവസ്ഥയെന്നുമുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഭൗതിക പരിശോധനാ റിപ്പോർട്ടിലെ പരാമർശത്തെ സംബന്ധിച്ച് സമിതി പഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞു. പഞ്ചായത്തിന്റെ സ്ഥലത്താണ് കിണർ നിർമ്മിച്ചിരിക്കുന്നതെന്ന്, അന്നത്തെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീ. പി. സുകുമാരൻ സമിതിക്ക് മറുപടി നൽകി.

13. കൊടിലംപാറ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട രസീതുകളും വൗച്ചറുകളും എം. ബുക്കും സമിതി പരിശോധിക്കുകയും എം. ബുക്കിൽ സെക്രട്ടറിയും പ്രസിഡന്റും ഒപ്പിട്ടിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തു.

## നിഗമനങ്ങൾ/ശുപാർശകൾ

14. കിണറിന്റെ കാലപ്പഴക്കം ശരിയായ രീതിയിൽ നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യത്തിലും, സമിതി നേരിട്ടു പരിശോധിച്ചതിൽ വളരെയധികം കാലപ്പഴക്കമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലും പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് പൂർത്തിയാക്കുമ്പോൾ പദ്ധതി ആരംഭിച്ച തീയതി, അടങ്കൽ തുക, പ്രോജക്ടിനായി ഫണ്ട് സ്വരൂപിച്ചതിന്റെ വിശദാംശങ്ങൾ, പൂർത്തിയാക്കിയ തീയതി എന്നിവ രേഖപ്പെടുത്തിയ ഫലകങ്ങൾ കൂടി പൊതു പദ്ധതികൾ, കിണർ മുതലായ പ്രോജക്ട് സൈറ്റുകളിൽ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിക്കൊണ്ട് സർക്കാർ തലത്തിൽ മാർഗ്ഗനിർദ്ദേശം നല്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അനധികൃത സബ്സിഡി നൽകി

പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ ട്രാക്ടർ, ട്രില്ലർ എന്നീ കാർഷിക ഉപകരണങ്ങൾ വാങ്ങിക്കുന്നതിലേയ്ക്കായി യഥാക്രമം 1,00,000 രൂപയും 40,000 രൂപയും സബ്സിഡിയായി കെ. ജയമാധവൻ, എ. സോമസുന്ദരൻ എന്നിവർക്ക് അനുവദിച്ചു. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ട്രാക്ടർ, ട്രില്ലർ മുതലായ കാർഷിക യന്ത്രങ്ങൾക്കുള്ള സബ്സിഡി സഹകരണ സംഘങ്ങൾക്കും പാടശേഖര കമ്മിറ്റികൾക്കും മാത്രമേ ബന്ധപ്പെട്ട കരാർ സമർപ്പിച്ച ശേഷം നൽകുവാൻ പാടുള്ളൂ. ഇതിനു വിപരീതമായി പൊതു ഫണ്ടിൽ നിന്നും ഭീമമായ തുക വ്യക്തിഗത ഗുണഭോക്താക്കൾക്ക് നേട്ടമുണ്ടാകത്തക്കവിധം അനുവദിച്ചത് അന്വേഷണ വിധേയമാക്കേണ്ടതാണ്. 20-8-1998-ലെ ജി.ഒ.(പി)175/98/തഭവ പ്രകാരം ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ III. 8.33]

ആഡിറ്റ് ഖണ്ഡികക്ക് പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

15. "1997-98 വർഷത്തെ ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥ പുതുപ്പരിയാരം കൃഷി ഭവൻ കൃഷി ഓഫീസർ ശ്രീമതി ബീനയ്ക്ക് അറിയിപ്പു നൽകിയെങ്കിലും യാതൊരുവിധ മറുപടിയും ലഭ്യമാക്കിയിട്ടില്ല. 1997-98 ആഡിറ്റ് റിപ്പോർട്ട് ആദ്യ മറുപടിയിൽ കർഷക സംഘങ്ങളുടെ ഭാരവാഹികൾക്കാണ് സബ്സിഡി നൽകിയിരിക്കുന്നത് എന്ന് കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ, വ്യക്തികൾക്കാണോ കാർഷിക സംഘം ഭാരവാഹികൾക്കാണോ നൽകിയത് എന്ന് അറിയിച്ചിട്ടില്ലായെന്നുകൂടി ബോധിപ്പിക്കുന്നു.

16. പ്രസ്തുത പ്രോജക്ടിന് ഡി.പി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് 6-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് ഡി.പി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും രണ്ട് പാടശേഖര സമിതികൾക്കാണ് സബ്സിഡി നൽകിയിട്ടുള്ളതെന്നും പാടശേഖര സമിതികൾക്ക് പ്രയോജനം കിട്ടുന്നതിനുവേണ്ടി ആക്ടീവ് മെമ്പർമാർക്കാണ് നൽകിയതെന്നും പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് മുൻ കൃഷി ഓഫീസർ ശ്രീമതി ബീന സമിതിയ്ക്ക് തെളിവു നൽകി. ഈ പ്രോജക്ടിന്റെ സബ്സിഡി 1,40,000 രൂപ വരുമെന്നും ഇത് സാങ്കേതികാനുമതി ആവശ്യമില്ലാത്ത പ്രോജക്ടുകളിൽപ്പെടുന്നതാണെന്നും പാടശേഖര സമിതിയ്ക്ക് ഇത്രയും വലിയ തുക പിരിച്ചെടുത്ത് പ്രോജക്ട് ചെയ്യാൻ കഴിയാത്തതുകൊണ്ട് ആ പാടശേഖര സമിതിയിലെ ആക്ടീവ് മെമ്പർമാർക്ക് ലോൺ കൊടുക്കുകയും പാടശേഖര സമിതിയ്ക്ക് പരമാവധി പ്രയോജനം കിട്ടത്തക്ക രീതിയിൽ ബോണ്ട് വച്ച് തുക നൽകിയെന്നും കൃഷി ഓഫീസറുമായി പാടശേഖര സമിതിയേയും പഞ്ചായത്തിനേയും പ്രതിനിധീകരിച്ച ഒരു വ്യക്തിയാണ് ബോണ്ടു വച്ചിട്ടുള്ളതെന്നും പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

17. 1998 ജൂൺ മാസം 24-ാം തീയതിയിലെ എഗ്രിമെന്റ് പ്രകാരം ട്രാക്ടറും, ട്രില്ലറും പാടശേഖര സമിതിയുടെ നോമിനിയായ ശ്രീ. ജയമാധവന്റെ കൈവശമുണ്ടെന്നും പഞ്ചായത്തിലെ മിക്ക പാടശേഖരങ്ങളിലും കുറഞ്ഞ നിരക്കിലുള്ള വാടക നിശ്ചയിച്ച് ഇതിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. ട്രാക്ടറിന്റെ വില 2,86,000 രൂപയാണെന്നും 1,00,000 രൂപ സബ്സിഡി ആണെന്നും ട്രില്ലറിന്റെ വില 87,000 രൂപയും അതിന്റെ സബ്സിഡി 40,000 രൂപയാണെന്നും മുൻ കൃഷി ഓഫീസർ കൂട്ടിച്ചേർത്തു.

18. പദ്ധതി നിബന്ധനപ്രകാരം വ്യക്തികൾക്ക് ആനുകൂല്യം നൽകാൻ വ്യവസ്ഥയില്ലെന്നും സൊസൈറ്റിക്കോ പാടശേഖര സമിതിക്കോ മാത്രമേ നൽകാൻ പാടുള്ളൂവെന്നും സമിതി ചൂണ്ടിക്കാട്ടി. ഇതിനു സമാനമായ സ്കീം കൃഷി വകുപ്പിലും നടപ്പിലാക്കുന്നുണ്ടെന്നും അത് തിരിച്ചടവില്ലാതെ സബ്സിഡിയായിട്ടാണ് കൊടുക്കുന്നതെന്നും മുൻ കൃഷി ആഫീസറും ഈ പദ്ധതി അനുസരിച്ച് ഒരു വ്യക്തിക്ക് 5,000 രൂപ വരെ മാത്രമേ സബ്സിഡി കൊടുക്കാൻ വ്യവസ്ഥയുള്ളൂ എന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും സിമിതിയിൽ വ്യക്തമാക്കി.

19. 5,000 രൂപയിൽ അധികം തുക സബ്സിഡിയായി കൊടുക്കാൻ പാടില്ലെന്ന വ്യവസ്ഥ കൃഷി ഓഫീസറെയും പഞ്ചായത്ത് സമിതിയെയും അറിയിക്കേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത സ്കീം നടപ്പിലാക്കുന്ന അവസരത്തിലോ അതിനു ശേഷം രണ്ട് ആഡിറ്റ് നടന്നപ്പോഴോ ഇക്കാര്യങ്ങളൊന്നും തന്നെ അറിയിച്ചിട്ടില്ലെന്ന് മുൻ കൃഷി ആഫീസർ സമിതിയെ അറിയിച്ചു. കർഷക സംഘത്തിനുവേണ്ടി ഈ തുക സ്വീകരിക്കാൻ ശ്രീ. ജയമാധവന് ആതറൈസേഷൻ കൊടുത്തിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് തീരുമാനമുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

20. 5,000 രൂപയിലധികം സബ്സിഡി കൊടുക്കാൻ പാടില്ലെന്ന ഗവൺമെന്റ് ഉത്തരവ് തന്റെ ശ്രദ്ധയിൽപ്പെട്ടില്ലെന്നും 1 ലക്ഷം രൂപ സബ്സിഡി നൽകുന്നത് ശരിയല്ലെന്ന് ആരും തന്നോട് പറഞ്ഞിട്ടില്ലെന്നും അന്ന് കൃഷി വകുപ്പിൽ നിലവിലുണ്ടായിരുന്ന ഓർഡറുകളെല്ലാം താൻ പാലിച്ചിട്ടുണ്ടെന്നും അന്നുണ്ടായിരുന്ന 12 പാടശേഖര സമിതികൾ ഒരുമിച്ചിരുന്നാണ് ഈ പ്രോജക്ട് ഉണ്ടാക്കിയതെന്നും ഈ വ്യക്തിയും പഞ്ചായത്തും തമ്മിൽ എഗ്രിമെന്റ് ഉണ്ടെന്നും അത് നിലവിലുണ്ടായിരുന്ന റേറ്റിനേക്കാൾ കുറഞ്ഞ റേറ്റിൽ അയാൾ ഓടിക്കണം എന്നതായിരുന്നു അന്നത്തെ പാടശേഖര സമിതിയുടെ തീരുമാനമെന്നും മുൻ കൃഷി ഓഫീസർ അറിയിച്ചു.

21. വ്യക്തിക്ക് 5,000 രൂപയേ സബ്സിഡിയിനത്തിൽ കൊടുക്കാവൂ എന്ന നിയമം അന്നത്തെ സെക്രട്ടറി ലംഘിച്ചിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. എഗ്രിമെന്റ് അനുസരിച്ച് 5 വർഷ കാലാവധി കഴിഞ്ഞതിനാൽ ട്രാക്ടറും ട്രില്ലറും പാടശേഖര സമിതിയുടെ പൊതു സ്വത്താക്കി മാറ്റാനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണമെന്നും കണക്കുകൾ പൂർണ്ണമായി പരിശോധിച്ച് വായ്പ തുകയും കരാർ പ്രകാരമുള്ള മറ്റു ബാദ്ധ്യതകളും തട്ടിക്കഴിച്ച ശേഷം അധിക തുകയുണ്ടെങ്കിൽ അത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് ഇപ്പോഴത്തെ സെക്രട്ടറിയോടും ഇംപ്ലിമെന്റിംഗ് ഓഫീസറോടും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

22. സമിതി 17-1-2006-ലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സന്ദർശന വേളയിൽ പ്രവർത്തനക്ഷമമല്ലാത്ത ട്രാക്ടറും, ട്രില്ലറും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടതായും അവ ഇപ്പോൾ കൈവശം സൂക്ഷിക്കുന്ന ശ്രീ. ജയമാധവൻ അതു കൈമാറാൻ തയ്യാറാണെന്നും ട്രാക്ടറും, ട്രില്ലറും പാടശേഖര സമിതിയുടെ പേരിലേക്ക് മാറ്റുന്നതിനു വേണ്ടി കരാർ ആയിട്ടുണ്ടെന്നും, വായ്പ മുഴുവൻ അടച്ചു തീർത്തിട്ടുണ്ടെന്നും, ആർ.സി. ബുക്കിന്റെ പകർപ്പ് സമിതിക്ക് അയച്ചു തരാമെന്ന് ഉറപ്പു നൽകിയിരുന്നു. ആയതിനാൽ ശ്രീ. ജയമാധവന്റെ പേരിലുള്ള ട്രാക്ടറിന്റെയും ട്രില്ലറിന്റെയും ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ട്രാക്ടറും, ട്രില്ലറും പാടശേഖര സമിതിയ്ക്ക് കൈമാറുന്നതോടൊപ്പം അത് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടി കൈകൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.

24. ട്രാക്ടറും ട്രില്ലറും പാടശേഖര സമിതിക്ക് കൈമാറിയതു സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്കു നൽകി ആഡിറ്റ് പരാമർശം തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## അയിലൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പണം പിൻവലിക്കലുകൾ അനധികൃതമായി നടത്തിയവ

അയിലൂർ ഗ്രാമപഞ്ചായത്തിൽ ഉപാധിരഹിത ഫണ്ടിൽ നിന്നും ചെയ്ത ജോലികൾക്കു മെറ്റൽ വാങ്ങുവാൻ അഡ്വാൻസായി പിൻവലിച്ച 76,000 രൂപ ദുർവിനിയോഗം ചെയ്തതായി ആഡിറ്റിൽ കാണുകയുണ്ടായി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 9-1-1997-ലെ ജി-1-1007/96-ാം നമ്പർ ഉത്തരവു പ്രകാരം സൊസൈറ്റിയിലെ സാധനങ്ങൾ പഞ്ചായത്തു കമ്മിറ്റി അളന്നു തിട്ടപ്പെടുത്താൻ ആവശ്യപ്പെട്ടതനുസരിച്ച് കണക്കാക്കിയ നഷ്ടം 61,936 രൂപയാണ്.

ഉപാധിരഹിത ഫണ്ടിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ ലഭിച്ചു എന്ന് രേഖപ്പെടുത്തിയാണ് തുകകൾ പിൻവലിച്ചിരിക്കുന്നത്. ക്രമ നമ്പർ ഒന്നിൽ പറഞ്ഞിരിക്കുന്ന ഇനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയതിന്റെ അടുത്ത ദിവസവും ക്രമ നം. 2, 3-ലെ ഇനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കുന്നതിനു മൂന്നു ദിവസം മുമ്പും പിൻവലിച്ചിരുന്നതായി കാണുന്നു. മേൽപ്പറഞ്ഞ സാധനങ്ങൾ 4/95 നോ അതിനു മുൻപോ വാങ്ങിയതായിട്ടാണ് രേഖകളിൽ നിന്ന് മനസ്സിലാക്കുന്നത്. എന്നാൽ ഓഡിറ്റ് നടന്ന സമയം വരെ മുകളിൽ പറഞ്ഞ സാധനങ്ങൾ അളവു പുസ്തകത്തിൽ ചേർത്തിരുന്നില്ല. ഏകദേശം $2^1/_2$ വർഷം കഴിഞ്ഞിട്ടും മേൽപ്പറഞ്ഞ റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V 3]

ആഡിറ്റ് ഖണ്ഡികക്ക് അയിലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

25. ലോക്കൽ ഫണ്ട് ആഡിറ്റിൽ പരാമർശിക്കുന്ന പഞ്ചായത്ത് ഫണ്ടിൽ നിന്നും ദുർവിനിയോഗം ചെയ്ത തുകയായ 76,000 രൂപയിൽ 14,064 രൂപയുടെ മെറ്റൽ സ്വരൂപിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 61,936 രൂപയുടെ നഷ്ടം കണക്കാക്കുകയും ചെയ്തുകൊണ്ട് 15-2-1996-ൽ 21-ാം നമ്പർ തീരുമാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ചൂണ്ടികാണിച്ചിട്ടുണ്ട്. ആയതനുസരിച്ച് മുൻ എക്സിക്യൂട്ടീവ് ആഫീസർമാരായ ശ്രീ. സി. വി. മണി ആചാരിക്ക് 50,936 രൂപയുടെയും ശ്രീ.പി.സി.അയ്യപ്പന് 11,000 രൂപയുടെയും ബാദ്ധ്യത കണക്കാക്കിയിട്ടുണ്ട്. ശ്രീ.സി.വി. മണി ആചാരിക്കും ശ്രീ. പി. സി. അയ്യപ്പനും 10-3-1999-ന് രജിസ്റ്റേർഡ് ആയി കത്തുകൾ അയച്ചിട്ടുണ്ട് ശ്രീ. സി. വി. മണി ആചാരി 31-1-2002-ലെ ചെല്ലാൻ നമ്പർ 356 പ്രകാരം 50,936 രൂപ, ടിയാന്റെ ഗ്രാറ്റിവിറ്റിയിൽ നിന്നും പിടിച്ച് പഞ്ചായത്തിന്റെ VPF അക്കൗണ്ടിൽ വരവു വച്ചിട്ടുണ്ട്. ബാക്കിയുള്ള 11,000 രൂപ ശ്രീ. പി. സി. അയ്യപ്പൻ മുൻ എക്സിക്യൂട്ടീവ്

ഓഫീസറിൽ നിന്നും ഈടാക്കേണ്ടതുണ്ട്. ടിയാന് 10-3-1999-ൽ ഈ വിവരം കാണിച്ചു കൊണ്ട് രജിസ്റ്റേർഡ് കത്തയച്ചിട്ടുണ്ട്. ശ്രീ. പി. സി. അയ്യപ്പൻ ഇപ്പോൾ പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തു വരുന്നു."

26. ആഡിറ്റ് പരാമർശം സംബന്ധിച്ച് 6-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി വിശദീകരണം തേടി. പ്രസ്തുത പ്രവൃത്തി അൺടൈഡ് ഫണ്ട് ഉപയോഗിച്ചാണ് ചെയ്തതെന്നും, ഭരണ സമിതിയുടെ തീരുമാനപ്രകാരം കല്ല് വാങ്ങാൻ കരാറുകാരന് തുക നൽകാനായി അബദ്ധവശാൽ സെൽഫ് ചെക്കെഴുതി അയാളെ പണം ഏൽപ്പിക്കുകയും, അതിന് രസീതും വൗച്ചറും തന്നിരുന്നതായും, എന്നാൽ പ്രസ്തുത വൗച്ചർ കാണുന്നില്ല എന്നാണ് ഇപ്പോഴത്തെ സെക്രട്ടറി അറിയിച്ചി ട്ടുള്ളതെന്നും അയിലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. സി. അയ്യപ്പൻ സമിതിയെ അറിയിച്ചു.

27. മുൻ സെക്രട്ടറി 11,000 രൂപ സെൽഫ് ചെക്കെഴുതി മാറിയെടുത്തതിൽ 2,000 രൂപ മാത്രമേ കരാറുകാരൻ ശ്രീ. വേലപ്പന് കൊടുത്തിട്ടുള്ളൂവെന്നും ആയതിനാൽ ഡി.ഡി.പി., മുൻ സെക്രട്ടറി ശ്രീ. അയ്യപ്പനിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് കൊടുത്തിട്ടുണ്ടെന്നും അതുപ്രകാരം പഞ്ചായത്തിന് നഷ്ടമായ തുക നിജപ്പെടുത്തി സെക്രട്ടറിമാരിൽ നിന്നും തിരിച്ചു പിടിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ഫയലിലുണ്ടെന്നും അയിലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

28. ടോട്ടൽ എസ്റ്റിമേറ്റ് 30,000 രൂപയുടേതായിരുന്നുവെന്നും അതിൽ മുൻകൂറായി 11,000 രൂപയാണ് കൊടുത്തതെന്നും രണ്ട് ലോഡ് മെറ്റൽ അടിച്ചിരുന്നുവെങ്കിലും ജനകീയ പ്രക്ഷോഭത്താൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നും മുൻ സെക്രട്ടറി സമിതിയിൽ തെളിവ് നൽകി.

29. 11,000 രൂപ കരാറുകാരനിൽ നിന്ന് തിരിച്ചു പിടിച്ചിരുന്നുവോ എന്ന സമിതിയുടെ ചോദ്യത്തിന് സെൽഫ് ചെക്കെഴുതിയാണ് പ്രസ്തുത തുക എടുത്തിട്ടുള്ളതെന്നും, മെറ്റലുകളൊന്നും കണ്ടില്ലായെന്നുമാണ് ഡി.ഡി.പി. യുടെ പരിശോധനാ റിപ്പോർട്ടിലുള്ളതെന്നും അയിലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഡി.ഡി.പി. യുടെ എൻക്വയറി പ്രകാരം ശ്രീ. പി. സി. അയ്യപ്പൻ 2,000 രൂപ മാത്രമേ കരാറുകാരന് കൊടുത്തിട്ടുള്ളൂവെന്നും ടിയാൻ രണ്ട് ലോഡ് മെറ്റൽ മാത്രമേ ഇറക്കിയിട്ടുള്ളൂ എന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ ഈ തുക ശ്രീ. പി. സി. അയ്യപ്പന്റെ ശമ്പളത്തിൽ നിന്നും എത്രയും വേഗം തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

30. ശ്രീ. പി. സി. അയ്യപ്പൻ തുക തിരിച്ചടച്ചോ എന്നത് സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ സമിതിയ്ക്ക് ലഭ്യമായിട്ടില്ല. വകുപ്പുതല അന്വേഷണം നടത്തി റിക്കവറി വഴി തുക ഈടാക്കി 15 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമായും സമിതിയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു. ഇത്രയും ഗുരുതരമായ ക്രമക്കേട് നടത്തിയ മുൻ സെക്രട്ടറിയിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിൽ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ആരായുന്നതിനും മുൻ സെക്രട്ടറിയിൽ നിന്നും തുക തിരിച്ചു പിടിച്ച് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

## ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

അനധികൃത പൊതുമരാമത്തു പണികൾ—സെക്രട്ടറിമാർ നടത്തിയത്

പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം ഇല്ലാതെ സെക്രട്ടറി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തു.

| ക്രമ നം. | വൗച്ചർ തുക | പ്രവൃത്തിയുടെ വിവരണം |
|---|---|---|
| 1 | 3,675 | പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റ പണിയ്ക്കായി സിമന്റ് വാങ്ങി. |
| 2 | 2,460 | പുലാക്കാട്കുന്ന് കിണർ ആഴം കൂട്ടി വൃത്തിയാക്കാൻ എൻ.എം.ആർ. പ്രകാരം പ്രവൃത്തി മസ്റ്റർ റോളിൽ 17 മുതൽ 25-6-1996 വരെ പ്രവൃത്തി നടത്തിയതിന്റെ കൂലി 11/96-ൽ അതായത് 5 മാസം കഴിഞ്ഞു നൽകിയിരിക്കുന്നു. |
| 3 | 900 | പഞ്ചായത്ത് വളപ്പിൽ നിന്നും മരം വെട്ടി നീക്കിയതിനുള്ള ചെലവ്. |
| 4 | 53-11/98 234 | പഞ്ചായത്ത് കെട്ടിടം സിമന്റ് പ്ലാസ്റ്റർ ചെയ്തു പെയിന്റ് അടിച്ചു വൃത്തിയാക്കിയതിന്റെ ചെലവ്. |
| 5 | 56-11/96 2,260 | അടിച്ചു വൃത്തിയാക്കിയതിന്റെ ചെലവ്. |
| 6 | 55-11/96 17,610 | കോണിക്കൽ റോഡ്-മംഗലം റോഡ് അറ്റകുറ്റ പണികൾ. |
| 7 | 57-11/96 3,600 | ഓഫീസ് ഫർണിച്ചർ പുതുക്കൽ |
| 8 | 20-12/96 1,800 | " |
| 9 | 24-12/96 600 | " |
| 10 | 58-11/96 957 | മൃഗാശുപത്രി കെട്ടിടം, ആല എന്നിവയുടെ പുതുക്കൽ. |
| 11 | 59-11/96 800 | " |
| 12 | 91-12/96 1,240 | " |
| 13 | 23-12/96 1,920 | കോണിക്കൽ റോഡ് റിപ്പയർ. |
| ആകെ | 38,056 | |

നിയമങ്ങൾ പാലിക്കാതെയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെയും സെക്രട്ടറി നടത്തിയ ഈ പ്രവൃത്തികളോടു പഞ്ചായത്ത് കമ്മിറ്റി വിയോജിപ്പ് (17-1-1997-ലെ 7-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം) പ്രകടിപ്പിക്കുകയും 10-2-1997-ലെ എ 2-413/96-ാം നമ്പർ കത്തു പ്രകാരം മേൽ നടപടിക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV. 1]

ആഡിറ്റ് ഖണ്ഡികക്ക് ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

31. "പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. വി. ആറുമുഖനിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുകയും 17-7-1999-ലെ 2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14-9-1991-ലെ എൽ.എഫ്.പി. 11-879/2001-ാം നമ്പർ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 10-8-2001-ലെ പ്രാദേശിക പരിശോധനാടിസ്ഥാനത്തിൽ ഓഡിറ്റിൽ നിരാകരിച്ച 38,056 രൂപയുടെ ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്."

32. നടപടി ക്രമങ്ങൾ പാലിക്കാതെയും പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം ഇല്ലാതെയും ചെയ്ത ഈ പ്രവൃത്തികളോട് 17-1-1997-ലെ 7-ാം നമ്പർ തീരുമാനപ്രകാരം വിയോജിപ്പ് പ്രകടിപ്പിക്കുകയും മേൽ നടപടിയ്ക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തെന്നും എന്നാൽ 17-7-1999-ൽ പഞ്ചായത്ത് കമ്മിറ്റി ഇത് റാറ്റിഫൈ ചെയ്തിട്ടുണ്ടെന്നും ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് തെളിവു നൽകി. ലോക്കൽ ഫണ്ട് ആഡിറ്റ് മേൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ 13 പ്രവൃത്തികൾക്കും കൊടുത്ത പണം ഏത് ഫണ്ടിൽ നിന്നാണെടുത്തതെന്ന സമിതിയുടെ ചോദ്യത്തിന് പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള ഫണ്ട് കൂടാതെ പഞ്ചായത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഫണ്ടുണ്ടെന്ന് ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിലെ ഏത് ഫണ്ടാണെങ്കിലും ആ ഫണ്ട് വിനിയോഗിക്കണ മെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

33. എക്സ്പെൻഡിച്ചർ വന്നിരിക്കുന്ന അതേ കാലയളവിലെ പഞ്ചായത്ത് കമ്മിറ്റിയാണോ ഇത് സാധൂകരിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് തുക ചെലവാക്കിയ കാലയളവിലെ പഞ്ചായത്തു കമ്മിറ്റി തന്നെയാണ് ഇത് സാധൂകരിച്ചിരിക്കുന്നതെന്ന് ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

34. പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രവൃത്തി ചെയ്തത് അന്നത്തെ പഞ്ചായത്ത് സെക്രട്ടറി വി. അറുമുഖമാണെന്നും, സിമന്റ് കാലിച്ചാക്ക് ലേലം ചെയ്തത് ശ്രീമതി വിമലാംബികയാണെന്നും, ശ്രീമതി വിമലാംബിക തിരിച്ചടയ്ക്കാനുള്ള തുകയായ 520 രൂപ 80 പൈസ ഉടൻ തന്നെ തിരിച്ചടയ്ക്കുമെന്ന് ഉറപ്പു നൽകിയിട്ടുണ്ടെന്നും ഗ്രമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വർക്കുകൾ നടത്തിയത് പഞ്ചായത്ത്

കമ്മിറ്റിയുടെ തീരുമാനമില്ലാതെയായിരുന്നുവെന്ന ആഡിറ്റ് പരാമർശം സാധൂകരണം മുഖേന പരിഹരിക്കാൻ കഴിയില്ലെന്നും, ഇതിനുത്തരവാദിയായ അറുമുഖനിൽ ബാദ്ധ്യത നിർണ്ണയിച്ച് റിക്കവറി നടപടികളുമായി മുന്നോട്ട് പോകണമെന്നുള്ളതാണ് സമിതിയുടെ തീരുമാനമെന്നും അനധികൃതമായി നൽകിയ മുഴുവൻ തുകയും അയാളിൽ നിന്നു തന്നെ ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

35. ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. വി. അറുമുഖൻ സമിതിക്ക് സമർപ്പിച്ചിരുന്ന ഹർജി 3-3-2006-ലെ സമിതി യോഗത്തിൽ പരിഗണിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും ടി എക്സ്പെൻഡിച്ചറിന് നിയമ സാധുതയില്ലെന്നും ബോദ്ധ്യപ്പെട്ടതിനാൽ ടിയാളിൽ നിന്ന് മുഴുവൻ തുകയും ഈടാക്കണമെന്ന് സമിതി ശക്തിയായി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണ പദ്ധതി-നിർവ്വഹണ ഉദ്യോഗസ്ഥനെ മാറ്റിയത് ക്രമവിരുദ്ധം

കൃഷി, മൃഗസംരക്ഷണം, ആരോഗ്യം എന്നീ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മേഖലകളിലെ നിർവ്വഹണം സെക്രട്ടറിയെ ഏല്പിക്കരുതെന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിരുന്നിട്ടും ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ ഒഴികെ മറ്റാരെയും പദ്ധതി നിർവ്വഹണത്തിൽ പങ്കാളികളാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനെ നിയമിച്ച തീരുമാനംമാറ്റി ആ സ്ഥാനത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയത് ശരിയായ നടപടിയല്ല. ഇത് 11-9-1998-ലെ 37803/പി/98/ത.ഭ.വ. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ III.32]

ആഡിറ്റ് ഖണ്ഡികയ്ക്ക് ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

36. "പഞ്ചായത്ത് കമ്മിറ്റിയുടെ 23-2-1998-ലെ 10-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനെ മാറ്റി പകരം പഞ്ചായത്ത് സെക്രട്ടറിയെ നിയമിച്ചത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച വിവരം അടുത്ത യോഗത്തിൽ അവതരിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ സമയത്തെ പ്രസ്തുത ഉദ്യോഗസ്ഥനെ വിവരം അറിയിച്ചിട്ടുണ്ട്.

37. 6-12-1997-ൽ വെറ്ററിനറി സർജനെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയെങ്കിലും 23-2-1998-ൽ വെറ്ററിനറി സർജനെ മാറ്റിയെന്നും പഞ്ചായത്ത് തീരുമാനം സെക്രട്ടറി പിന്നീട് റാറ്റിഫൈ ചെയ്തുവെന്നും അറിയിച്ചതിനാൽ എൽ.എഫ്.എ. മേൽ പരാമർശം ഒഴിവാക്കിയതായി അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

38. ലോക്കൽ ഫണ്ട് ആഡിറ്റ് മേൽ പരാമർശം ഒഴിവാക്കിയതിനാൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

## തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ഔഷധ സസ്യകൃഷി ചെയ്തതിൽ അപാകതകൾ

കേരള കാർഷിക സർവ്വകലാശാല, പാലോട് ബോട്ടാണിക്കൽ ഗാർഡൻ എന്നിവിടങ്ങളിൽ നിന്നുമുള്ള സഹായത്തോടെ 20 കർഷകർക്ക് 30 സെന്റ് സ്ഥലത്ത് ഔഷധ സസ്യകൃഷി നടത്തുവാൻ 76,000 രൂപ പദ്ധതിവിഹിതവും ഗുണഭോക്തൃവിഹിതമായി 1,32,600 രൂപയും ഉൾപ്പെടെ 2,08,600 രൂപ ജനകീയാസൂത്രണ പദ്ധതിയിൽ വകയിരുത്തിയിരുന്നു.

പന്ത്രണ്ട് ഇനം സസ്യങ്ങളും വൃക്ഷങ്ങളും പാലക്കാട്ടുള്ള കഞ്ചിക്കോട് സെന്റർ ഫോർ ഇൻഡ്യൻ മെഡിക്കൽ ഹെറിറ്റേജ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 27-6-1998-ലെ ഉത്തരവുപ്രകാരം 29-6-1998-ൽ വിതരണം ചെയ്തു. വിതരണം ചെയ്ത സസ്യങ്ങളിൽ പലതും പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുന്നവയായിരുന്നില്ല. പഞ്ചായത്ത് ആയുർവേദ ആശുപത്രിയിലെ ഡോക്ടറുടെ സേവനം ഔഷധ സസ്യങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ഉപയോഗിക്കാത്തതു പദ്ധതിയുടെ പരാജയ കാരണങ്ങളിലൊന്നാണ്. തെരഞ്ഞെടുത്ത സസ്യങ്ങൾ തേങ്കുറിശ്ശി പഞ്ചായത്തിലെ മണ്ണിന് അനുയോജ്യമായിരുന്നോ എന്ന കാര്യം പഠന വിധേയമാക്കിയില്ല. ഔഷധ സസ്യങ്ങൾ വാങ്ങുന്നതിനുമുമ്പ് തന്നെ (6-6-1998) കൃഷി ഓഫീസർ 27,500 രൂപ വില നൽകി ഫോസ്മീൽ എന്ന കീടനാശിനി വാങ്ങി വിതരണം ചെയ്തിരുന്നു.

കൃഷിചെയ്ത ഔഷധസസ്യങ്ങൾ ഉപയോഗിച്ച് ആയുർവേദ ആശുപത്രിയിലെ ഡോക്ടറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തി ഔഷധം നിർമ്മിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ഔഷധ നിർമ്മാണത്തിനായി വാങ്ങിയ പാത്രങ്ങൾ ഇതുവരെ ഉപയോഗിച്ചിട്ടില്ല. പദ്ധതി തുക പൂർണ്ണമായും ചെലവഴിച്ചു എന്നല്ലാതെ ഏറ്റെടുത്ത പദ്ധതി നാടിനും നാട്ടുകാർക്കും എത്രമാത്രം പ്രയോജനപ്രദമായി എന്ന കാര്യം ആരുംതന്നെ വിലയിരുത്തിയിട്ടില്ല. ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്തിയിട്ടുമില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ III. 34]

ആഡിറ്റ് ഖണ്ഡികയ്ക്ക് തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

39. "ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടു. ആയത് ലഭ്യമായിട്ടുണ്ട്. വിശദീകരണം തൃപ്തികരമാണെന്ന് പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടതിനാൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ആഡിറ്റ് വകുപ്പ് അധികൃതരോട് 26-11-2005-ലെ 7-ാം നമ്പർ തീരുമാന പ്രകാരം അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്."

40. മേൽ ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ മറുപടി നൽകിയിരുന്നുവോ എന്ന് 6-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞു. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ എല്ലാം നൽകിയിട്ടുണ്ടെന്നും, 76,000 രൂപ

ചെലവായി എന്നും സെന്റർ ഫോർ ഇൻഡ്യൻ മെഡിക്കൽ ഹെറിറ്റേജ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഔഷധസസ്യങ്ങൾ വാങ്ങിയിരുന്നതെന്നും തേങ്കുറിശ്ശി പഞ്ചായത്ത് കൃഷി ഓഫീസർ സമിതിക്ക് തെളിവ് നൽകി. ഔഷധ സസ്യങ്ങൾ വാങ്ങുന്നതിന് മുമ്പ് 27,500 രൂപ നൽകി ഫോസ്മീൽ വാങ്ങിയതിന്റെ കാരണം സമിതി ആരാഞ്ഞു. ഫോസ്മീൽ ഒരു കീടനാശിനിയല്ലെന്നും അടിവളമായി ഉപയോഗിക്കുന്ന ജൈവ വളമാണിതെന്നും നടപടി ക്രമങ്ങൾ പാലിച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാണ് അത് വാങ്ങിയതെന്നും കൃഷി ഓഫീസർ അറിയിച്ചു.

41. ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് ഫണ്ട് മാത്രമേ ഉപയോഗിച്ചിട്ടുള്ളുവെന്നും ഗ്രാമസഭ വഴിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും പഞ്ചായത്തിൽ നിന്ന് അതിന്റെ ലിസ്റ്റ് ലഭിച്ചിരുന്നു എന്നും കൃഷി ഓഫീസർ അറിയിച്ചു. ആയുർവേദ സന്നദ്ധസംഘങ്ങൾ പോയി ശേഖരിച്ചുകൊണ്ടുവരുന്ന സസ്യങ്ങൾ ഉപയോഗിച്ച് ഔഷധം ഉണ്ടാക്കി വിതരണം ചെയ്യുന്നതിന് ആയിരുന്നു പ്രസ്തുത പ്രോജക്ടെന്നും ഔഷധസസ്യങ്ങൾ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകളും രസീതുകളും ഉണ്ടെന്നും കൃഷി ഓഫീസർ അറിയിച്ചു. പ്രസ്തുത പരാമർശം ഒരിക്കൽകൂടി പരിശോധിച്ചു തീർപ്പാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഫയലുകൾ ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന് നൽകണമെന്നും അവർ പരിശോധിച്ച് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

42. ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റും വിനിയോഗ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയതായും എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് കൂടി അടിയന്തിരമായി ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## കണ്ണാടി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

സ്കൂളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പായില്ല

കടക്കുറിശ്ശി ഗവ. എൽ.പി.സ്കൂൾ കുട്ടികൾക്ക് അടിയന്തിരമായി കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതിയിലേക്ക് ടാങ്ക് നിർമ്മിക്കുന്നതിനും പൈപ്പ് ലൈൻ ഇട്ടതിനും 12,000 രൂപ ചെലവാക്കിയതായി കാണുന്നു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സർക്കാർ സ്ക്കൂളിൽ പണം മുടക്കി സ്ഥാവരസ്വത്തുക്കൾ ഉണ്ടാക്കിയതിനു ധാരണാപത്രം ഒപ്പുവച്ചതായി കാണുന്നില്ല. ചെലവഴിച്ച പണം കൊണ്ടു ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.44]

ആഡിറ്റ് ഖണ്ഡികയ്ക്ക് കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

43. "കണ്ണാടി ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ സ്ക്കൂളായ കടക്കുറിശ്ശി ലോവർ പ്രൈമറി സ്ക്കൂളിൽ 75 ലധികം വിദ്യാർത്ഥികൾ പഠിക്കുന്നു. ടി സ്ക്കൂൾ കെട്ടിടം സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിൽ വിദ്യാർത്ഥികൾക്കാവശ്യമായ കുടിവെള്ളം ലഭ്യമല്ലായിരുന്നു. രൂക്ഷമായ കുടിവെള്ളക്ഷാമം കാരണം ടി എൽ.പി. സ്ക്കൂൾ അടച്ചുപൂട്ടുന്ന ഘട്ടംവരെ എത്തിയ സാഹചര്യത്തിൽ ആ പ്രദേശത്തുള്ള ജനങ്ങളുടെയും പി.റ്റി.എ.യുടെയും ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളുടെയും നിരന്തരമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരം 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ കടകുറിശ്ശി ജി.എൽ.പി.എസ്സിൽ കുടിവെള്ള പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിന് വിധേയമായിട്ടാണ് ടി പദ്ധതി നടപ്പിലാക്കിയത്. നിലവിലുള്ള പൈപ്പ്ലൈനിന് വിതരണശേഷി കുറവായതിനാൽ ടി കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടു. കടക്കുറിശ്ശി പ്രദേശത്ത് 10/99-ൽ ഒരു കുഴൽ കിണർ കുഴിച്ച് ആയതിൽ നിന്നും കുടിവെള്ള വിതരണം തുടങ്ങി. ടി ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയത് ഇപ്പോഴും അവിടത്തെ വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുന്നുണ്ട്. സ്ക്കൂളിന്റെ നിലനിൽപ്പിന് തടസ്സം വരും എന്ന് മുന്നിൽ കണ്ട് ചെയ്ത ടി പ്രവർത്തി അംഗീകരിച്ച് ആയതിലേക്ക് വേണ്ടി ചെലവഴിച്ച 12,000 രൂപയുടെ തടസ്സവാദം ഒഴിവാക്കി ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. സ്ക്കൂൾ കെട്ടിട ഉടമയുമായി ധാരണപത്രം രേഖാമൂലം ഉണ്ടാക്കിയതിനുശേഷമേ പ്രവർത്തി ആരംഭിച്ചിട്ടുള്ളു എന്ന് ഇംപ്ലിമെന്റിംഗ് ഓഫീസറായ സ്ക്കൂൾ എച്ച്.എം. പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്."

44. സ്ക്കൂളിന് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് സ്വകാര്യ കെട്ടിടത്തിലാണ് സ്ക്കൂൾ പ്രവർത്തിക്കുന്നതെന്നും അവിടെയാണ് വാട്ടർടാങ്ക് പണിതിരിക്കുന്നതെന്നും കെട്ടിട ഉടമയുമായി ഇതുസംബന്ധിച്ച ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ടെന്നും കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. സി. അയ്യപ്പൻ 6-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു. ഇപ്പോൾ വാടക കൊടുക്കുന്നില്ലെന്നും കെട്ടിട ഉടമ മരിച്ചുപോയതിനാൽ അനന്തരാവകാശികൾ ഇല്ലാത്തതുകൊണ്ട് കെട്ടിടം സർക്കാരിന്റെ അധീനതയിലാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

45. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നതെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

**ഓഡറ്റ് ഖണ്ഡിക**

പുളിക്കൽകുളം—ബണ്ടുനിർമ്മാണം

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 31 മീറ്റർ നീളവും 21 മീറ്റർ വീതിയുമുള്ള പുളിക്കൽകുളം ബണ്ട് നിർമ്മാണത്തിനുവേണ്ടി ആകെ 71,425 രൂപ ചെലവാക്കിയിട്ടുണ്ട്. കുളം ഒരു സ്വകാര്യവ്യക്തിയുടേതാണ്. പ്രസ്തുത കുളം പഞ്ചായത്തിന്

വിട്ടുകിട്ടണമെന്നുള്ള സാഹചര്യം ഉള്ളതിനാലാണ് പ്രോജക്ട് തയ്യാറാക്കിയത് എങ്കിലും കുളം ഇതുവരെ പഞ്ചായത്തിന്റേതായിട്ടില്ല. കുളം രേഖാമൂലം കൈമാറ്റംചെയ്യപ്പെടാത്ത പക്ഷം ഇതിനായി ചെലവാക്കിയ 71,425 രൂപ പഞ്ചായത്തിന് നഷ്ടമായി വന്നുഭവിക്കും.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999–2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.3.45]

ആഡിറ്റ് ഖണ്ഡികയ്ക്ക് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

46. "സൂചനയിൽ പരാമർശിക്കുന്ന പുളിക്കൽകുളം ബണ്ട് നിർമ്മാണം ഗ്രാമപഞ്ചായത്തിന് ലാന്റ് റിലിംക്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വിട്ടു കിട്ടിയ സ്ഥലത്തായിരുന്നു നടത്തിയിട്ടുള്ളത്. കൂടാതെ പ്രസ്തുത കുളം പൊതുജനങ്ങൾ പൂർണ്ണമായും ഉപയോഗിച്ചു വരുന്നുണ്ടെന്ന വിവരം സാക്ഷ്യപ്പെടുത്തുന്നു."

47. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ പുളിക്കൽകുളം ബണ്ട് നിർമ്മാണത്തിനുവേണ്ടി 71,425 രൂപ രേഖാമൂലം കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് 6-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞു.

രേഖാമൂലം കൈമാറ്റം ചെയ്തിട്ടുണ്ടെന്നും ഈ കുളം പൊതുജനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നും ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. അജിത്, സമിതിയെ അറിയിച്ചു. തുക കൈമാറ്റം ചെയ്തതായുള്ള രേഖ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

48. രേഖകൾ ലോക്കൽ ഫണ്ട് ഡയറക്ടർക്ക് കൈമാറണമെന്ന സമിതി നിർദ്ദേശം നടപ്പാക്കിയോ എന്നത് സംബന്ധിച്ച ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നോ ആഡിറ്റ് പരാമർശം ഒഴിവാക്കിയത് സംബന്ധിച്ച് ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ നിന്നോ നാളിതുവരെ യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി ഇതിനെ വിലയിരുത്തുന്നു. ആയതിനാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും പ്രസ്തുത രേഖകൾ സമിതി നിർദ്ദേശപ്രകാരം യഥാസ്ഥാനങ്ങളിൽ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## പല്ലശന ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം—പച്ചക്കറി കൃഷി ഗുണഭോക്താക്കളുടെ കുറവുമൂലം ഉണ്ടായ നഷ്ടം

ഒരു വാർഡിൽ 100 എന്ന ക്രമത്തിൽ 10 വാർഡുകളിലായി 1000 പുരയിടങ്ങളിൽ 2 സെന്റ് വീതം ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യാൻ 54,900 രൂപ പദ്ധതി വിഹിതമായും 5,45,000 രൂപ ഗുണഭോക്തൃ വിഹിതമായും 5,99,900 രൂപയ്ക്ക് അടങ്കൽ

തുകയ്ക്കു പദ്ധതി വിഭാവനം ചെയ്തു. പക്ഷെ ഈ പദ്ധതിയിൽ ആകെ 233 ഗുണഭോക്താക്കളെ മാത്രമേ ലഭ്യമായുള്ളു. ആയിരം ഗുണഭോക്താക്കൾക്കായി ശേഖരിച്ച താഴെ വിവരിക്കും പ്രകാരം ഉള്ള വിത്ത്, വളം മുതലായവയുടെയും മറ്റു അനുബന്ധ ചെലവിനങ്ങളുടെയും പ്രയോജനം 233 പേർക്കു മാത്രമേ ലഭ്യമായതായി കാണപ്പെട്ടുള്ളു.

പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്നും 767 ഗുണഭോക്താക്കൾ കുറവായിരുന്നതിനാൽ ഈയിനത്തിൽ ഉണ്ടായ പ്രകടമായ നഷ്ടം താഴെ പറയും പ്രകാമാണ്.

| ഇനം | തുക |
|---|---|
| വിത്ത് 767 x 10 | 7670 |
| രാസവളം 767 x 20 | 15340 |
| പന്തൽ 767 x 20 | 15340 |
| ആകെ | 38350 |

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.40]

ആഡിറ്റ് ഖണ്ഡികയ്ക്ക് പല്ലശന ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

49. "ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക, നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അയച്ചുകൊടുക്കുകയും ആയതിന് കൃഷി ഓഫീസർ നൽകിയ മറുപടി കത്തിന്റെ അടിസ്ഥാനത്തിൽ മതിയായ അപേക്ഷകൾ ലഭിക്കാതെ വന്ന സാഹചര്യത്തിൽ 1000 പേർക്കായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ ആകെ ലഭിച്ച 233 അപേക്ഷകർക്ക് സ്ഥലവിസ്തൃതിക്കനുസരിച്ച് വിതരണം ചെയ്ത വകയിൽ വന്ന ആകെ പ്രോജക്ട് ചെലവായ 64,900 രൂപ 22-1-2002-നു കൂടിയ ഗ്രാമപഞ്ചായത്ത് യോഗം 7-ാം നമ്പർ തീരുമാനപ്രകാരം സാധൂകരിച്ചിട്ടുണ്ട്."

(തീരുമാനങ്ങളുടെ ശരിപകർപ്പ് അടക്കം ചെയ്തിട്ടുണ്ട്)

50. പല്ലശന ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശം സംബന്ധിച്ച് പരിശോധന നടത്തി ബോധ്യപ്പെട്ടതിനാൽ ആഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22-12-05-ലെ എൽ.എഫ്.22562/സ്പെ.സെൽ.ജി1/05 നമ്പർ കത്തുപ്രകാരം അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

51. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

## നെല്ലായ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കുഴൽ കിണർ നിർമ്മാണം പണം നൽകിയെങ്കിലും പണി നടന്നില്ല

ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി കിഴക്കേക്കരയിൽ കുഴൽ കിണർ നിർമ്മാണത്തിനായി 50,000 രൂപ വകയിരുത്തുകയും വൗച്ചർ നം. 239/5-96 പ്രകാരം 12,500 രൂപ കൺവീനർക്കു മുൻകൂട്ടി നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.47]

ആഡിറ്റ് ഖണ്ഡികയ്ക്ക് നെല്ലായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

52. “1997-98-ലെ ജനകീയാസൂത്രണ പദ്ധതിയിൽ 5,000 രൂപ വകയിരുത്തിയ കിഴക്കേക്കര കുഴൽകിണർ നിർമ്മാണ പ്രവർത്തിക്ക് 15-5-1998-ലെ 239-ാം നമ്പർ വൗച്ചർപ്രകാരം പദ്ധതിയുടെ കൺവീനറായ ശ്രീ. ഒ. പി. അച്ചുതന് ടിയാന്റെ പേരിലുള്ള വല്ലപ്പുഴ സർവ്വീസ് ബാങ്കിലെ 2979 നമ്പർ അക്കൗണ്ടുമുഖേന 12,500 രൂപ നൽകിയിട്ടുണ്ട്. പണി പൂർത്തീകരിച്ച് പട്ടാമ്പി ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ബിൽപ്രകാരം 21,600 രൂപയും അതേ അക്കൗണ്ട് മുഖേന നൽകിയിട്ടുണ്ട്. പദ്ധതിയിൽ ബാക്കിവന്ന തുകയായ 15,900 രൂപയിൽ 29-6-1998-ലെ 8-ൽ(3), (4) തീരുമാനപ്രകാരം 135 രൂപ പശുനൽകൽ, 13,840 രൂപ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ, 675 രൂപ ടെലിവിഷൻ റിപ്പയർ എന്നീ പദ്ധതികളിലേക്ക് വകമാറ്റി യിട്ടുണ്ട്. ബാക്കിയുള്ള 1,250 രൂപ A.E.E യുടെയും A.X.E യുടെയും പ്രിപ്പറേഷൻ, ചെക്ക് മെഷർമെന്റ് ചാർജ്ജായി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് പാഴായിട്ടില്ലെന്നും, പദ്ധതി പ്രവർത്തനങ്ങൾക്കായി പൂർണമായും വിനിയോഗിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.”

53. ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി കിഴക്കേക്കരയിൽ കുഴൽകിണർ നിർമ്മാണത്തിനായി 50,000 രൂപ വകയിരുത്തുകയും 12500 രൂപ കൺവീനർക്ക് മുൻകൂട്ടി നൽകുകയും ചെയ്തത് സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് മേൽ പരാമർശം സംബന്ധിച്ച് പണി പൂർത്തിയായിയെന്നും, എഞ്ചിനീയറുടെ മെഷർമെന്റും, ബില്ലു ഉൾപ്പെടെ എല്ലാ രേഖകളും ഉണ്ടെന്നും, ആകെ ചെലവ് 34,100 രൂപ ആണെന്നും ഇതു സംബന്ധിച്ച എല്ലാ ഫയലുകളും ഒരാഴ്ചക്കുള്ളിൽ തന്നെ ലോക്കൽഫണ്ട് ഡെപ്യട്ടി ഡയറ്ടർക്ക് നൽകാമെന്ന് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകിയിരുന്നു.

54. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ (പാലക്കാട് ജില്ല) സമിതി നിർദ്ദേശാനുസരണം ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും അളവു രേഖപ്പെടുത്തി 34100 രൂപ ആകെ നൽകിയിട്ടുണ്ടെന്നും കുഴൽ കിണർ പണി പൂർത്തീകരിച്ചി ട്ടുണ്ടെന്നും മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

55. പാലക്കാട് ജില്ലാ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

## പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം—കാലിത്തീറ്റ വിതരണം പണം ഉപയുക്തമായില്ല

പാലുല്പാദനം വർദ്ധിപ്പിക്കാനായി നല്ലയിനം കാലിത്തീറ്റ വാങ്ങി 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനായി 1,25,000 രൂപ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ മലമ്പുഴ ഓഫീസിൽ 1997-1998 വർഷത്തിൽ അടയ്ക്കുകയുണ്ടായി. എന്നാൽ നാളിതുവരെ കാലിത്തീറ്റ എടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ കാലികളുടെ ഇൻഷ്വറൻസിനായി 20,000 രൂപ പിൻവലിച്ച് 19,800 രൂപ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസിൽ അടയ്ക്കുകയുണ്ടായി. കാലികൾക്ക് നൽകിയ ഇൻഷ്വറൻസ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ കാലിത്തീറ്റയുടെ വിലയായി നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.49]

ആഡിറ്റ് ഖണ്ഡികയ്ക്ക് പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

56. "മലമ്പുഴ കാറ്റിൽ ഫീഡ് ഫാക്ടറിയിൽ നിക്ഷേപിച്ച 1,25,000 രൂപ പലിശ സഹിതം തിരിച്ചുവാങ്ങി പഞ്ചായത്തിൽ അടയ്ക്കുവാൻ 14-1-2004-ലെ എ.3.16/04 നമ്പർ കത്തുപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെരിങ്ങോട്ടുകുറിശ്ശി വെറ്ററിനറി സർജനോട് ആവശ്യപ്പെട്ടു. മേൽ നമ്പർ കത്തിന്റെ പകർപ്പ് പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മൃഗ സംരക്ഷണ ഓഫീസറുടെ 10-2-2004-ലെ ഡി/766/04/പ്ലാനിംഗ് നമ്പർ കത്തുപ്രകാരം വെറ്ററിനറി സർജനോട് തുക കാറ്റിൽഫീഡ് ഫാക്ടറിയിൽ നിന്നും തിരിച്ചുവാങ്ങി പഞ്ചായത്തിൽ അടയ്ക്കുവാൻ പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിർദ്ദേശിച്ചു.

57. ഗുണഭോക്താക്കളുടെ ലഭ്യത കുറവ്കൊണ്ടാണ് പദ്ധതി നടപ്പിലാക്കാതിരുന്നതെന്ന് വെറ്ററിനറി സർജൻ മറുപടി നൽകി.

58. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിലും (21-11-2005-ന് 49/2004 നമ്പർ കത്തുപ്രകാരം) 1,25,000 രൂപ പലിശ സഹിതം തിരിച്ചുകിട്ടുന്നതിനായി വെറ്ററിനറി സർജൻ കാറ്റിൽഫീഡ് ഫാക്ടറി അധികൃതരോട് അപേക്ഷിച്ചിട്ടുണ്ട്."

59. പ്രസ്തുത ആഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് സമിതി ആരാഞ്ഞതിന് 50 പട്ടികജാതി കുടുംബങ്ങൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ കൊടുക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടിന്റെ ആദ്യ ഘട്ടത്തിൽതന്നെ പഞ്ചായത്ത് നല്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇരുപതോളം പേർക്ക് പശുക്കൾ ഇല്ലായിരുന്നുവെന്നും എന്നാൽ പ്രഥമ മീറ്റിംഗിനുശേഷം 32 ഓളം പേർ പശുക്കളെ വാങ്ങിയെന്നും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക ലാപ്സായിപ്പോകാതിരിക്കാൻ വേണ്ടിയും അതിന്റെ ഗുണം അവർക്ക് ലഭിക്കും എന്ന ഉദ്ദേശത്തിന്റെയും വെളിച്ചത്തിലാണ് മിൽമയുമായി ബന്ധപ്പെട്ട അഡ്വാൻസ് നൽകിയതെന്നും, ഇൻഷ്വർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസിന്റെ പാലക്കാട് ഡിവിഷനിൽ പ്രീമിയം അടയ്ക്കുകയും, കാലിത്തീറ്റയുടെ തുക മിൽമയുടെ മലമ്പുഴ ഓഫീസിൽ അടയ്ക്കുകയും ചെയ്തുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഡോ. ആനന്ദ് സമിതിക്ക് വിശദീകരണം നൽകി.

60. പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ മാറിമാറി വന്ന സാഹചര്യത്തിൽ, നിർദ്ദേശങ്ങളും മാറിവരുകയും, പട്ടികജാതിക്കാർക്ക് സൗജന്യമായി കൊടുക്കാമെന്നുള്ള ആദ്യ നിർദ്ദേശത്തിന് വിരുദ്ധമായി അതേ വർഷം ജൂലൈ അവസാനം 50% സബ്സിഡി നിരക്കിൽ കൊടുക്കണമെന്നും അല്ലെങ്കിൽ അത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി വരുമെന്നും തന്റെ മേലധികാരികളിൽ നിന്ന് അറിയിപ്പുകിട്ടിയതായി ഡോ. ആനന്ദ് സമിതിക്ക് വിശദീകരണം നൽകി.

61. പഞ്ചായത്തിൽ നടപ്പിലാക്കാതെ പോയ ഒരു പദ്ധതിക്കുവേണ്ടി 1,25,000 രൂപ മിൽമയിൽ നിക്ഷേപിക്കുകയും, നിക്ഷേപിച്ചുകഴിഞ്ഞ് ആറുമാസത്തിനുശേഷവും തുടർന്നുവന്ന സെക്രട്ടറിമാർ ആരും തന്നെ പണം തിരിച്ചുപിടിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നതും സമിതി വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇൻഷ്വറൻസിനെ സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനിക്ക് രസീത് സഹിതം കത്തെഴുതിയ തായി സീനിയർ വെറ്ററിനറി സർജൻ ഡോ. സി. കെ. വിശ്വനാഥൻ സമിതിക്ക് തെളിവു നൽകിയിരുന്നു.

62. മിൽമയിൽ അടച്ച 1¼ ലക്ഷം രൂപയും ഇൻഷ്വറൻസ് പ്രിമിയമായി യുണൈറ്റഡ് ഇന്ത്യയിൽ അടച്ച തുകയും തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഒരു മാസത്തിനുള്ളിൽ അവർ പണം തിരികെ തരുന്നില്ല എങ്കിൽ നിയമപരമായ നടപടി സ്വീകരിക്കണമെന്നും, അതിനുശേഷം ഒരു ഇടക്കാല മറുപടി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

63. മിൽമയുടെ മലമ്പുഴ കാറ്റിൽഫീഡ് ഫാക്ടറിയിൽ നിക്ഷേപിച്ചിരുന്ന 1,25,000 രൂപ മിൽമയിൽ നിന്നും 21-12-2005-ലെ 426385 നമ്പർ ചെക്ക് പ്രകാരം വെറ്ററിനറി സർജന് തിരികെ ലഭിച്ചിട്ടുണ്ട് എന്ന് പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

64. മിൽമയുടെ മലമ്പുഴയിലുള്ള കാറ്റിൽഫീഡ് ഫാക്ടറിയിൽ നിക്ഷേപിച്ചിരുന്ന 1,25,000 രൂപ ലഭ്യമായെങ്കിലും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചിട്ടുള്ള തുക തിരികെ ലഭിച്ചിട്ടില്ല. ആയതു ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വികരിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

## വടകരപ്പതി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം—പച്ചക്കറിക്കൃഷി വികസനം-പണം ഉപയോഗപ്പെടുത്തിയതിന് രേഖയില്ല

പച്ചക്കറിക്കൃഷി വികസന പദ്ധതി പ്രകാരം മെച്ചപ്പെട്ട വിത്തും വളവും വാങ്ങുന്നതിനായി 184 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 500 രൂപ വീതം ആകെ 92,000 രൂപ വിതരണം ചെയ്തതായി കാണുന്നു. മേന്മയേറിയ വിത്തും വളവും വാങ്ങിയതിനു ഉപോത്ബലകമായി ഗുണഭോക്താക്കൾ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. കൃഷി ഓഫീസർ മുഖേന ഈയിനത്തിൽ നല്കിയ 92,000/- രൂപയുടെ ചെലവുകൾ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.50]

ആഡിറ്റ് ഖണ്ഡികയ്ക്ക് വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

65. ആഡിറ്റ് തടസ്സത്തിൽ മേൽ കൃഷി ഓഫീസറോട് പഞ്ചായത്ത് റിപ്പോർട്ട് ആവശ്യപ്പെട്ടു. ആയതിന്മേൽ കൃഷി ഓഫീസർ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം ഒരു കർഷകന് 500 രൂപ നിരക്കിൽ ക്യാഷായാണ് വിതരണം ചെയ്തത്. ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് സ്വയം വഹിച്ച് കൃഷി ചെയ്തതിനുശേഷം പദ്ധതി വിഹിതമായ 500 രൂപ വിതരണം ചെയ്യുകയാണുണ്ടായത്. വിളയിറക്കുന്നതിനു മുമ്പുതന്നെ പ്രോജക്റ്റുകൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ ജനകീയാസൂത്രണ പദ്ധതി പ്രകാരം 1997-98-ൽ കഴിയാതിരുന്നതാണ് വിള സീസൺ കഴിഞ്ഞതിനു ശേഷമാണ് പദ്ധതി വിഹിതം അനുവദിച്ചതും നിലവിൽ നിർദ്ദേശം ലഭിച്ചതും. ഗുണഭോക്താവ് യഥാർത്ഥത്തിൽ കൃഷി ചെയ്തിട്ടുണ്ടെന്ന ബോദ്ധ്യമുള്ളതുകൊണ്ടും ചെയ്ത കൃഷിക്ക് ഗുണഭോക്തൃ വിഹിതം ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതും പദ്ധതി വിഹിതമായ തുക വിതരണം ചെയ്തതുമാണ്. ആയതുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. കൃഷി ഓഫീസറുടെ പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ പാലക്കാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ഒഴിവാക്കി (25-2-2000 എൽ.എഫ്.പി/10/1064/99).

66. പച്ചക്കറി വികസന പ്രോജക്ടിനായി ഒരു കർഷകന് 500 രൂപ നിരക്കിൽ പണമായിട്ടാണ് സബ്സിഡി കൊടുത്തതെന്നും വിളയിറക്കുന്നതിനു മുമ്പുതന്നെ പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കാനായില്ലെന്നും, വിളയിറക്കുന്നതിനുള്ള ചെലവുകൾ (വിത്തും വളവും) കർഷകൻ സ്വയം വഹിച്ച് കൃഷി ചെയ്തിട്ടുണ്ടെന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാലാണ് കർഷകർക്ക് പദ്ധതി വിഹിതമനുസരിച്ചുള്ള തുക വിതരണം ചെയ്തതെന്നും, 184 ഗുണഭോക്താക്കളും ഒപ്പിട്ട വൗച്ചറുകളും കൈപ്പറ്റു രസീതുകളും ഉണ്ടെന്ന് സെക്രട്ടറിയും, പ്രോജക്ട് വിജയകരമായി നടപ്പിലാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് വടകരപ്പതി ഗ്രാമപഞ്ചായത്ത് ആഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ കൃഷി ആഫീസറും സമിതിക്ക് വിശദീകരണം നൽകിയിരുന്നു.

67. നടപടി ക്രമങ്ങളുടെ വ്യക്തമായ ലംഘനം നടന്നിട്ടുണ്ടെന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് മേൽ പരാമർശമെന്നും വിളയിറക്കി ദിവസങ്ങളോ ആഴ്ചകളോ, കഴിഞ്ഞ ശേഷം ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചിട്ടുണ്ടെന്ന ധാരണയിൽ സബ്സിഡി നൽകിയതിലെ ഔചിത്യമില്ലായ്മയും സമിതി ചൂണ്ടിക്കാട്ടി.

68. സത്യപ്രസ്താവനയും, മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെ ബന്ധപ്പെട്ട ഫയൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കി ആയതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സത്യപ്രസ്താവനയും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധിച്ച് പ്രോജക്ട് വിജയകരമായി പൂർത്തിയാക്കിയതായി ബോദ്ധ്യപ്പെട്ടു എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (പാലക്കാട്) അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

69. എൽ.എഫ്.എ.യുടെ പുനഃപരിശോധന കുറിപ്പിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

## ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം മരാമത്തു പണികൾക്ക് പ്രാദേശിക നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ

പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃ സമിതി മുഖേനയോ നടത്തുന്ന മരാമത്തു പണികൾക്ക് നൽകാവുന്ന പ്രാദേശിക നിരക്കുകൾ 23-10-98-ലെ ജി.ഒ. (പി) 218/98/ തഭവ. ഉത്തരവനുസരിച്ച് ക്രമീകരിക്കുകയുണ്ടായി. ഈ ഉത്തരവിന്റെ 3-ാം ഉപ വകുപ്പ് പ്രകാരം ഇത്തരത്തിലുള്ള നിരക്കുകൾ ഗുണഭോക്തൃ സമിതികൾ, പഞ്ചായത്ത് നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോഡ് എന്നിവ വഴിയുള്ള പണികൾക്കു മാത്രമേ ബാധക മാകൂ എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഈ ഉത്തരവിന്റെ ഉപവകുപ്പ് 2 (111) പ്രകാരം പ്രാദേശിക നിരക്കുകൾ നിശ്ചയിക്കുമ്പോൾ ജോലിയുടെ മൂല്യം., പി.ഡബ്ള്യു.ഡി.ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കൂടാൻ പാടില്ലെന്നും അങ്ങനെവന്നാൽ അധികമായി പ്രാദേശിക നിരക്കായി നൽകാവുന്ന തുക താഴെ പറയും പ്രകാരം ക്രമപ്പെടുത്തേ ണ്ടതുമാണ്.

| | | |
|---|---|---|
| ടാറിംഗ് ഉൾപ്പെടെയുള്ള റോഡു പണി | .. | 30% |
| ടാറിംഗ് ഇല്ലാത്ത റോഡു പണി | .. | 25% |
| പാലങ്ങളും കലുങ്കുകളും | .. | 40% |
| ചെറുകിട ജലസേചന പണികൾ | .. | 30% |
| ബോർവെൽ | .. | 40% |

എന്നാൽ 13 മരാമത്തു ബില്ലുകൾ പരിശോധിച്ചതിൽ പി. ഡബ്ള്യു. ഡി. ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കുറവായി മാത്രമേ ബ്ലോക്ക് എഞ്ചിനീയർ മൂല്യനിർണ്ണയം സാക്ഷ്യപ്പെടുത്തിയിരുന്നുള്ളു. എങ്കിലും എസ്റ്റിമേറ്റിൽ അധികരിച്ചുവന്നാൽ നൽകാവുന്ന അധിക നിരക്കുകൂടി ചേർത്ത് ഗുണഭോക്തൃ സമിതികൾ കൺവീനർക്കു നൽകുകയാണുണ്ടായത്. ഇത് ക്രമവിരുദ്ധമാണ്. ജനകീയപങ്കാളിത്തം ഉറപ്പുവരുത്തി സന്നദ്ധസേവനവും പദ്ധതി വിഹിതവും മറ്റും ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതി ലാഭേച്ഛയില്ലാതെ ചെയ്യേണ്ടതായിരുന്നു. ഈ ഇനത്തിൽ അധികരിച്ചു നൽകിയ 2,15,008 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.87]

ആഡിറ്റ് ഖണ്ഡികക്ക് ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

70. മേൽ ആഡിറ്റ് പാരയിൽ പറയുന്ന 13 മരാമത്ത് പണികളിൽ ഓങ്ങല്ലൂർ കാരക്കാട് റോഡ് ടെൻഡർ മുഖേനയും ബാക്കി 12 പണികൾ ഗുണഭോക്തൃ സമിതികൾ മുഖേനയുമാണ് നിർവ്വഹണം നടത്തിയത്. 1996-ലെ PWD ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പണികളുടെ നിർവ്വഹണം നടത്തിയത്. 1998-99-ൽ നിർമ്മാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലും വന്ന ഭീമമായ വർദ്ധനവുമൂലം ഗുണഭോക്തൃ സമിതികൾക്ക് ഉണ്ടാകുന്ന നഷ്ടം ഇല്ലാതാക്കുന്നതിന് വേണ്ടിയാണ് സർക്കാർ G. O. (P)218/98LAD. dt. 23-10-98 നമ്പരായി ലോക്കൽ റേറ്റുകൾ നൽകാൻ ഉത്തരവായത്. ഈ പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകിയ രേഖയിലും എസ്റ്റിമേറ്റിനു പുറമെ ലോക്കൽ റേറ്റും നൽകാമെന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃ സമിതികൾ മുഖേന നടത്തിയ 12 പണികൾക്ക് നിയമനുസൃതം നൽകാവുന്ന ലോക്കൽ റേറ്റ് മാത്രമാണ് നൽകിയിട്ടുള്ളത്. കൂടാതെ ടെൻഡർ പ്രവർത്തിയായി നടത്തിയിട്ടുള്ള ഓങ്ങല്ലൂർ കാരക്കാട് റോഡിന്റെ ബില്ലിൽ 30% ടെണ്ടർ എക്സസ് നൽകിയത് നിരാകരിച്ചതും ശരിയല്ല. നിയമാനുസൃതം നൽകാവുന്ന 30% ടെൻഡർ എക്സസ് മാത്രമേ അനുവദിച്ചിട്ടുള്ളു.

71. ആയതിനാൽ മേൽ ഓഡിറ്റ് പരാർമശത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കി തരണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

72. മരാമത്ത് പ്രവൃത്തികൾക്ക് വർക്കിന്റെ നേച്ചർ അനുസരിച്ച് ശതമാന വർദ്ധനവ് കൊടുക്കാമെങ്കിലും (അധികമായി വരുന്ന തുക പ്രാദേശിക നിരക്കായി നൽകും) ഷെഡ്യൂൾഡ് റേറ്റിന്റെ പരിധിക്കുള്ളിൽതന്നെ നിൽക്കണമെന്നാണ് വ്യവസ്ഥ. നിർവ്വഹണ ചെലവ് പരിശോധിച്ചതിൽ എസ്റ്റിമേറ്റിനെക്കാൾ തുക അധികരിച്ചുവെന്നും, ശതമാന വർദ്ധനവ് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ അധികമായി വരുന്ന തുക പ്രാദേശിക നിരക്കായി നൽകുന്നതിനു പഞ്ചായത്തിന്റെ തീരുമാനം ആവശ്യമാണെന്നിരിക്കെ ഇതിൽ അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ലെന്നും ആയതിനാൽ വർദ്ധനവ് കൊടുത്തത് സാങ്കേതികമായി ശരിയല്ലെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടു.

73. 12 പണികൾ പി.ഡബ്ള്യു.ഡി. ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണം നടത്തിയെന്നു മറുപടി നൽകിയപ്പോൾ തന്നെ 12 പണികൾക്ക് നിയമാനുസൃതം നൽകാവുന്ന ലോക്കൽ റേറ്റ് മാത്രമാണ് നൽകിയിട്ടുള്ള തെന്ന് സൂചിപ്പിക്കുന്നതിലെ വൈരുദ്ധ്യം സമിതി ചൂണ്ടിക്കാട്ടി.

74. പി.ഡബ്ള്യു.ഡി. റേറ്റിൽ നിന്ന് അധികം കൊടുത്തതിന് പഞ്ചായത്ത് കമ്മിറ്റി യുടെ തീരുമാനമില്ലാത്തത് ഒരപാകതതന്നെയാണെന്നും, ഇതു സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രസ്തുത ഫയൽ സഹിതം 15 ദിവസത്തിനുള്ളിൽ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

75. സമിതിയുടെ നിർദ്ദേശമനുസരിച്ച് ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുകയും 13 പ്രവർത്തികളിൽ ഓങ്ങല്ലൂർ കാരക്കോട് റോഡ് നിർമ്മാണം ടെൻഡർ പണിയാ ണെന്ന് ബോദ്ധ്യപ്പെട്ടതായും ഓഡിറ്റ് പരാമർശം പിശകുമൂലം സംഭവിച്ചതാ ണെന്നും, മറ്റ് 12 മരാമത്ത് പണികളും ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ചതാ ണെന്നും, നിർവ്വഹണ ചെലവ് ബോദ്ധ്യപ്പെട്ടതായും, അധിക നിരക്കിന് അർഹതയുണ്ടോ എന്ന വിവരം അന്നത്തെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നില്ലെന്നും, എന്നാൽ നിലവിലുള്ള കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും അന്നത്തെ ഭരണ സമിതിയിൽ ഉണ്ടായിരുന്ന അംഗങ്ങൾ, ഗുണഭോക്തൃസമിതി കൺവീനർമാർ എന്നിവരുമായി നടത്തിയ ചർച്ചകളിൽനിന്നു നിർവ്വഹണ ചെലവ് കൂടുതലായിരുന്നതുകൊണ്ട് അർഹതപ്പെട്ട തുക നൽകുകയായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ടതായും ഇക്കാര്യത്തിൽ പഞ്ചായത്തിന് നഷ്ടം വന്നിട്ടില്ലെന്നും, ആയതിനാൽ മേൽ പരാമർശം ഒഴിവാക്കാവുന്നതാണെന്നും പുനഃപരിശോധനാ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

76. അർഹതപ്പെട്ട തുക മാത്രമേ നൽകിയിട്ടുള്ളൂ എന്ന് പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

## ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

മൂക്കോട്-കാവുത്തോട് പാടശേഖരം പ്രവൃത്തികൾ-രേഖകൾ ഹാജരാക്കിയിട്ടില്ല. (അധികം തുക നൽകിയതും മറ്റ് അപാകതകളും)

മൂക്കോട് കാവുത്തോട് പാടശേഖരത്തിന്റെ ആഴക്കൂട്ടൽ, വീതികൂട്ടൽ, വശങ്ങളുടെ സംരക്ഷണം എന്നിവയ്ക്കായി ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതി കാവുത്തോട്, പ്രസിഡന്റ് 6 (ആറ്) ഇൻസ്റ്റാൾമെന്റ് അഡ്വാൻസുകളായും ഫൈനൽ പേയ്മെന്റായും ആകെ 8,77,305 രൂപ കൈപ്പറ്റിയിട്ടുണ്ട്.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രസിഡന്റിന്റെ കൈപ്പറ്റു രസീതു മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയത്. മരാമത്ത് ചെലവ് ആഡിറ്റ് ചെയ്യുന്നതിനാവശ്യമായ ചുവടെപ്പറയുന്ന ഒരു രേഖയും ആഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. ഭരണാനുമതിയും സാങ്കേതികാനുമതിയും
2. വിശദമായ എസ്റ്റിമേറ്റ്, ഡേറ്റാഷീറ്റ്

3. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ /വൗച്ചറുകൾ /തൊഴിൽ കൂലിയുടെ മസ്റ്റർറോൾ.

4. അളവുരേഖപ്പെടുത്തിയ പുസ്തകം (എം. ബുക്കുകൾ)

5. പാടശേഖരസമിതി പ്രസിഡന്റിന്റെ പേരിൽ മരാമത്തു പണം നിക്ഷേപിച്ച് പിൻവലിച്ച ബാങ്ക് പാസുബുക്കുകൾ/ചെക്ക് ബുക്കുകൾ

6. വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്

7. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

മേല്പറഞ്ഞ രേഖകൾ/രജിസ്റ്ററുകൾ എന്നിവ അടിയന്തിരമായി ആഡിറ്റിനു ലഭ്യമാക്കാൻ 22-2-2000-ലെ ആഡിറ്റ് റിക്വിസിഷൻ നം. 4 പ്രകാരം രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും 28-2-2000-ന് ആഡിറ്റ് അവസാനിക്കുംവരെ മേൽപ്പറഞ്ഞ ഒരു രേഖയും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

മലമ്പുഴ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) വെള്ളക്കടലാസിൽ സംഗ്രഹിച്ചെഴുതി തീയതി വയ്ക്കാതെ സാക്ഷ്യപ്പെടുത്തിയ കണക്കിൽ വർക്കു സർട്ടിഫൈ ചെയ്തത് 8,43,628 രൂപയാണ് . ഇതിന്റെ 85% കൊടുക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. അതനുസരിച്ച് നൽകാവുന്ന പരമാവധി തുക 7,17,084 രൂപയാണ്. എന്നിട്ടും 50/18-10-97 നമ്പർ വൗച്ചർ പ്രകാരം 1,60,221 രൂപ വീണ്ടും നൽകിയതായി കാണുന്നു. ഇപ്രകാരം 8 ഗഡുക്കളായി 8,77,305 രൂപ കൺവീനർ കൈപ്പറ്റിയിരിക്കുന്നു. ഫൈനൽ സർട്ടിഫൈഡ് തുക 8,43,628 രൂപ ആയിരിക്കെ അധികം നൽകിയ 33,677 രൂപയ്ക്ക് മതിയായ വിശദീകരണം നൽകേണ്ടതാണ്. ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഈ മരാമത്തുപണിയുടെ നിജസ്ഥിതിയെക്കുറിച്ച് ഒരു തീരുമാനത്തിൽ എത്താൻ കഴിയുന്നില്ല.

ഈ സാഹചര്യത്തിൽ ഈ മരാമത്തുപണിയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ ഉന്നതതല അന്വേഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 2000-2001 സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV 9-88]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

77. (1) ഓഡിറ്റ് കാലഘട്ടത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. വി. വി. രാധാകൃഷ്ണന് എ/570/2000 നമ്പറിൽ 16-6-2001-ന് രേഖാമൂലം ഓഡിറ്റിൽ പറഞ്ഞ അപാകതകൾ പരിഹരിക്കാൻ കത്തുനൽകിയെങ്കിലും ടിയാൻ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

2. ഭരണാനുമതി : ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 19-3-97-ലെ തീരുമാന പ്രകാരം 11,60,000 രൂപ

3. സാങ്കേതികാനുമതി : T. A (1) 11878/97 തീയതി 12-3-97കൃഷി ഡയറക്ടർ തിരുവനന്തപുരം.

4. മെറ്റീരിയൽസ് വാങ്ങിയതിന്റെ രേഖകൾ അന്വേഷണത്തിനായി പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. മലമ്പുഴ കൃഷി അസി:എക്സി. എഞ്ചിനിയറുടെയും തൃത്താല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടേയും വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുകകൾ നൽകിയതായി കാണുന്നത്.

5. അളവു രേഖപ്പെടുത്തിയ പുസ്തകം : മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറും കോഴിക്കോട് റീജിയണൽ ഓഫീസ് എക്സി. എഞ്ചിനീയറുടേയും 'സ്റ്റേറ്റ്മെന്റ് ഓഫ് വർക്ക് ഡൺ' എന്ന രേഖയുടെ അടിസ്ഥാനത്തിലാണ് ബില്ലുകൾ നൽകിയിരിക്കുന്നത്. പി.എം.പി. സ്കീമിൽ വർക്കു നടക്കുമ്പോൾ എം.ബുക്കിൽ രേഖപ്പെടുത്താറില്ല. എന്നാണ് മലമ്പുഴ കൃഷി അസി.എക്സി. എഞ്ചിനിയറുടെ ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞത്.

6. പാടശ്ശേഖരസമിതി പ്രസിഡന്റിന്റെ പാസ് ബുക്കുകൾ/ചെക്കുബുക്കുകൾ : വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പാടശേഖര സമിതി പ്രസിഡന്റിന്റെ രശീതിയുടെ അടിസ്ഥാനത്തിൽ ട്രഷറി ചെക്കുകൾ നേരിട്ടു നൽകിയിട്ടുള്ളതായി രേഖകൾ പ്രകാരം കാണുന്നു.

7. വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് : തൃത്താല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 8-10-97 ലെ ബി1/702/97 നമ്പർ കത്തും മലമ്പുഴ അസി. എഞ്ചിനീയർ (കൃഷി) എക്സി. എഞ്ചിനീയർ, കോഴിക്കോടിന്റെ മെഷർമെന്റ് നടത്തിയ "വർക്ക്ഡൺ സ്റ്റേറ്റ്മെന്റ്" എന്നിവയാണ് വർക്ക് പൂർത്തീകരിച്ചതായി രേഖപ്പെടുത്തി ഫൈനൽ പേയ്മെന്റ് നടത്താൻ ആധാരമായി എടുത്തിരിക്കുന്നത്.

8. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് : ജനകീയാസൂത്രണ പദ്ധതികളിലെ പോലെ കാര്യക്ഷമമായി മോണിറ്ററിംഗ് നടത്തിവരുന്നതിനുള്ള സംവിധാനം ഈ വർക്ക് നടത്തുന്ന സമയത്ത് ഉണ്ടായിരുന്നില്ല എന്നു കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ വ്യക്തമായ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് (18-10-97-ലെ തീരുമാനം നമ്പർ 5) ഫൈനൽ ബിൽ നൽകിയതെന്നും മനസ്സിലാക്കുന്നു.

78. 11,60,000 രൂപയ്ക്ക് ഭരണാനുമതിയും പി.എം.പി. സബ്സിഡിയുടെ 85% ആയതുമായ 9,86,000 രൂപ സബ്സിഡിയും ബാക്കി തുക ഗുണഭോക്തൃ വിഹിതവുമാണ്. സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്, 'സ്റ്റേറ്റ്മെന്റ് ഓഫ് വർക്ക് ഡൺ' രേഖയുടെ അടിസ്ഥാനത്തിൽ 10,32,123 രൂപയുടെ 85% ആയ 8,77,305 രൂപ മാത്രമേ ഈ ഇനത്തിൽ നൽകിയിട്ടുള്ളു എന്നാണ് രേഖകളിൽ കാണുന്നത്. 2-8-97-ലെ 32-ാം വൗച്ചർ പ്രകാരം നൽകിയ 2,00,365 ഫൈനൽ പേയ്മെന്റല്ല മറിച്ച് വാല്യുവേഷൻ തന്നെയാണെന്ന് 2-8-97-ലെ പഞ്ചായത്തിന്റെ 10-ാം നമ്പർ തീരുമാനത്തിൽ വ്യക്തമാക്കുന്നുണ്ട്. വർക്ക് സർട്ടിഫൈഡ് 8,43,628 രൂപയല്ല മറിച്ച് 10,32,123 രൂപയാണെന്ന് രേഖകളിൽ വ്യക്തമാണ്. ആയതിനാൽ അധിക പണം നൽകിയതായി കാണാൻ കഴിയുന്നില്ല.

79. മലപ്പുറം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറും, തൃത്താല കൃഷി അസിസ്റ്റന്റ് ഡയറക്ടറും കൂടി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും അഗ്രിക്കൾച്ചർ ഡയറക്ടറേറ്റിൽ നിന്നുള്ള സാങ്കേതികാനുമതിയും, പഞ്ചായത്തിൽ നിന്നുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ടെന്നും പാടശേഖര കമ്മിറ്റിയുമായി എഗ്രിമെന്റുവച്ചാണ് വർക്ക് ചെയ്യാൻ പറഞ്ഞിരുന്നതെന്നും

വാല്യുവേഷൻ സർട്ടിഫിക്കറ്റ് കിട്ടിയതനുസരിച്ച് പഞ്ചായത്താണ് തുക നൽകിയതെന്നും ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

80. ആഡിറ്റ് പരാമർശം സംബന്ധിച്ച ഫയലുകൾ മലമ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിലുണ്ടെന്നും, പാർട്ട്പേയ്മെന്റും, ഫൈനൽ പേയ്മെന്റും കൺവീനർക്ക് കൊടുത്തതായിട്ടാണ് മനസ്സിലാക്കുന്നതെന്നും, ഇതു സംബന്ധിച്ച കമ്മ്യൂണിക്കേഷൻ ഫയലുകൾ ഒന്നുംതന്നെ ഇല്ലെന്നും തുക മുഴുവൻ ജനറൽ പി.ഡി. അക്കൗണ്ടിലേയ്ക്ക് മാറ്റിയിരിക്കുകയാണെന്നും അതിന്റെ വിശദാംശങ്ങൾ ഉണ്ടെന്നും, ടോട്ടൽ വാല്യുവേഷൻ നടത്തിയിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

81. ഈ ആഡിറ്റ് പരാമർശം സംബന്ധിച്ച എല്ലാ രേഖകളും ലോക്കൽ ഫണ്ട് ആഡിറ്റ് (പാലക്കാട് ജില്ലാ ഓഫീസിൽ) ഹാജരാകണമെന്നും പരിശോധനയ്ക്കുശേഷം സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

82. സമിതിയുടെ 22-12-05-ലെ നിർദ്ദേശാനുസരണം ചാലിശ്ശേരി ഗ്രാമ പഞ്ചായത്തിലെ മുക്കോട്-കവുത്തോട് പാടശേഖരം പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ഫൈനൽ ഇൻവോയിസ് 10,32,123 രൂപ ബോദ്ധ്യപ്പെട്ടതായും 85%-8,77,305 രൂപ അതിൽ 5/18-10-97 ബിൽ പ്രകാരം 1,60,221 രൂപ നൽകിയത് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതായും പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

83. പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5/18-10-97 ബിൽ പ്രകാരം 1,60,221 രൂപ നൽകിയത് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## കുത്തന്നൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

(a) സോഡിയം വേപ്പർ ലാമ്പുകൾക്ക് അധികം വില നൽകി 12,996 രൂപ നഷ്ടം

പഞ്ചായത്തിൽ 20 സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയ ഇടപാടിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളുടെ ഓഫർ അവാസ്തവമായ കാരണങ്ങൾ പറഞ്ഞ് തള്ളിക്കളഞ്ഞ് കൂടിയ നിരക്ക് അനുവദിച്ചതുമൂലം 12,996 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001 ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.89.(a)]

ആഡിറ്റ് ഖണ്ഡികയ്ക്ക് കുത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

84. "4-11-2000 ലെ എൽ.എഫ്.(പി)(ബി) 636/2000 നമ്പർ പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അയച്ചുതന്ന ആഡിറ്റ് റിപ്പോർട്ടിന്റെ ഒരു കോപ്പി പ്രസ്തുത വിഷയത്തിൽ ഉത്തരവാദിയായ ശ്രീ. ഇ. വി. പരന്താമ (റിട്ട. കുത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി)-ന് 13-12-2004-ന് രജിസ്റ്റേഡ് തപാൽ മുഖേന നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ശ്രീ. ഇ. വി. പരന്താമൻ 29-11-2005-ൽ മറുപടി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി പ്രകാരം ഇഗ്നേറ്റർ സഹിതമുള്ള സോഡിയം വേപ്പർ ലാമ്പ് നൽകാമെന്ന് ശ്രീ. അഹമ്മദ് കബീർ എരിമയൂർ എന്നയാൾ സമർപ്പിച്ച ക്വട്ടേഷനിൽ വ്യക്തമായി പ്രതിപാദിച്ചതിനാലും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. കെ. ആർ. ബാലസുബ്രഹ്മണ്യൻ ഇഗ്നേറ്ററോടുകൂടിയ സോഡിയം വേപ്പർ ലാമ്പ് നൽകാമെന്ന് വ്യക്തമായി പ്രതിപാദിക്കാതിരുന്നതിനാലും കുത്തന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18-6-98-ലെ തീരുമാനം 1 പ്രകാരം ശ്രീ. അഹമ്മദ് കബീറിന്റെ ക്വട്ടേഷൻ സ്വീകരിക്കണമെന്ന് ഐകകണ്ഠ്യേന സ്വീകരിച്ചതിനാലുമാണ് ശ്രീ. അഹമ്മദ് കബീറിന്റെ ക്വട്ടേഷൻ പ്രകാരം സോഡിയം വേപ്പർ ലാമ്പ് വാങ്ങിയത്. കൂടാതെ സോഡിയം വേപ്പർ ലാമ്പിൽ ഇഗ്നേറ്ററിന്റെ പ്രസക്തിയെക്കുറിച്ച് സാങ്കേതിക കാര്യങ്ങൾ അറിയില്ലായെന്നും ശ്രീ. ഇ. വി. പരന്താമൻ ബോധിപ്പിച്ചിട്ടുണ്ട്."

85. പഞ്ചായത്തിൽ 20 സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയ ഇടപാടിൽ കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്തയാളുടെ ഓഫർ അവാസ്തവമായ കാരണങ്ങൾ പറഞ്ഞ് തള്ളിക്കളഞ്ഞ് കൂടിയ നിരക്ക് അനുവദിച്ചതുമൂലം 12,996 രൂപയും നഷ്ടം സംഭവിച്ചതിൽമേൽ സമിതി വിശദീകരണം തേടുകയുണ്ടായി.

86. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സമർപ്പിച്ചയാൾ ഇഗ്നേറ്ററോടുകൂടിയ സോഡിയം വേപ്പർ ലാമ്പ് നൽകാമെന്ന് സൂചിപ്പിക്കാതിരുന്നതിനാലാണ് വാങ്ങാതിരുന്നതെന്നും 2-6-98-ൽ ടെണ്ടർ ക്ഷണിച്ച് പത്രപരസ്യം കൊടുത്തുവെന്നും ഇഗ്നേറ്റർ ഇല്ലാതെ സോഡിയം വേപ്പർ ലാമ്പുകൾ കത്തുകയില്ല എന്ന വസ്തുതയെപ്പറ്റി ക്വട്ടേഷൻ നൽകിയ ആൾക്ക് സാങ്കേതിക പരിജ്ഞാനം ഇല്ലായിരുന്നുവെന്നും സെക്രട്ടറി വിശദീകരണം നൽകി.

87. ക്വട്ടേഷൻ ക്ഷണിക്കുന്ന സമയത്ത് വിത്ത് ഇഗ്നേറ്റർ/വിത്തൗട്ട് ഇഗ്നേറ്റർ എന്ന് പ്രത്യേകം സൂചിപ്പിച്ചിരുന്നുവെങ്കിൽ മേൽ പരാമർശത്തിന് അവസരം ഉണ്ടാകുമായിരുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

88. പ്രസ്തുത പരാമർശത്തിന് ഉത്തരവാദിയായ മുൻസെക്രട്ടറി ശ്രീ. ഇ. വി. പരന്താമൻ തന്റെ നിരപരാധിത്വം വെളിപ്പെടുത്തി കൊണ്ട് നൽകിയ അപ്പീൽ ഹർജിയിൽ, തന്റെ നിർദ്ദേശങ്ങൾ മറികടന്ന് പഞ്ചായത്ത് ഐകകണ്ഠ്യന എടുത്ത തീരുമാനം സർക്കാർ നിർദ്ദേശിച്ച കാലാവധി 30-6-1995-ന് മുമ്പായി പൂർത്തീകരിക്കേണ്ടിയിരുന്നതിനാൽ പഞ്ചായത്ത് തീരുമാനം നടപ്പിലാക്കുക മാത്രമാണ് താൻ ചെയ്തതെന്നും സൂചിപ്പിച്ചിരുന്നു.

89. ലോവസ്റ്റ് ടെണ്ടർ നിരാകരിച്ചതിലൂടെയുള്ള നഷ്ടം സെക്രട്ടറിയിൽ നിന്നുതന്നെ ഈടാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

90. പ്രസ്തുത പരാമർശത്തിന് കാരണക്കാരനായ അന്നത്തെ സെക്രട്ടറി ശ്രീ. പരന്താമനിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടും നാളിതുവരെ മേൽ നിർദ്ദേശത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതിയെ അറിയിച്ചിട്ടില്ല. ആയതിനാൽ മേൽ നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അടിയന്തിരമായി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

(b) മരാമത്തു പണികളിൽ ക്രമക്കേടുകൾ

പഞ്ചായത്തിലെ മലയാർ കോട്ടുകുളം സൈഡ്കെട്ടി വൃത്തിയാക്കുന്ന പണിക്ക് എസ്റ്റീമേറ്റിൽ കാണിച്ചിട്ടുള്ള 60,000 രൂപ മൂല്യമുള്ള പണികൾ യഥാർത്ഥത്തിൽ ചെയ്തിട്ടില്ലെന്ന് ആഡിറ്റിൽ കണ്ടെത്തി. എസ്റ്റിമേറ്റിൽ 50,000 രൂപ 'ലമ്പ്' ആയി കാണിച്ചിരിക്കുന്നതിന്റെ സാംഗത്യവും വ്യക്തമല്ല. പ്രവർത്തിയുടെ സൂപ്പർവിഷനും കാർവാടകയും മറ്റുമായി കൺവീനർക്ക് 5,868 രൂപ അലവൻസ് എന്ന പേരിൽ നൽകിയതും ചട്ടവിരുദ്ധമാണ്.

പാലത്തറ-മേലാഴി കനാൽ റോഡിലെ ഫുഡ്ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനേഴ്സ് അലവൻസ് എന്ന പേരിൽ 1,227 രൂപ ചട്ടവിരുദ്ധമായി നൽകിയിട്ടുണ്ട്.

മീൻപാറ ചെക്ക് ഡാമിന്റെ ബില്ലും 7,890 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക എഞ്ചിനിയർമാർക്ക് കാർവാടകയും മറ്റുമായി നൽകിയതാണ്. പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ IV.9.89.(b)]

ആഡിറ്റ് ഖണ്ഡികയ്ക്ക് കുത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി:—

91. പ്രസ്തുത പ്രവർത്തിയിലുള്ള നഷ്ടത്തിന് ഉത്തരവാദിയായ ശ്രീ. ഇ. വി. പരന്താമൻ 29-11-2005-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കൺവീനേഴ്സ് അലവൻസ് ആയി നൽകിയിട്ടുള്ള തുക 1997-98 വർഷത്തിൽ ജനകീയാസൂത്രണത്തിനായി ലഭിച്ച തുകകൾ 30-6-98-നു തന്നെ പൂർണ്ണമായി ചെലവഴിക്കണമെന്ന സർക്കാർ നിബന്ധന ഉണ്ടായിരുന്നതിനാൽ പ്രസ്തുത കാര്യങ്ങളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് കൺവീനർ എഞ്ചിനിയർമാരെ കാറിൽ കൊണ്ടുവരുന്നതിനുള്ള വാടക കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ളതാണ്. സെക്രട്ടറി എന്ന നിലയിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന സദുദ്ദേശത്തോടുകൂടി മാത്രമാണ് കൺവീനേഴ്സ് അലവൻസ് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്.

92. എഞ്ചിനിയറെ കാറിൽ കൊണ്ടുവരുന്നതിന് ചെലവായ തുകയാണിതെന്ന് മുൻസെക്രട്ടറിയുടെ വിശദീകരണത്തിന്, എഞ്ചിനിയറെ കാറിൽ കൊണ്ടുവരിക എന്നുള്ളത് കൺവീനറുടെ ഉത്തരവാദിത്വമാണെന്നും അതിന് പ്രത്യേക പണം എസ്റ്റിമേറ്റ് തുകയ്ക്ക് പുറമെ കൊടുക്കാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

93. കൺവീനേഴ്സ് അലവൻസായി നൽകിയ തുക സെക്രട്ടറിയിൽ നിന്നു തന്നെ ഈടാക്കാൻ റിക്കവറി നടപടി സ്വീകരിക്കണമെന്നും ഇതിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

94. ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. ഇ. വി. പരന്താമൻ സമിതിക്ക് നൽകിയ ഹർജിയിൽ കൺവീനർ അലവൻസ്, കുഴൽമന്ദം ബ്ലോക്കിൽ മറ്റു പല പഞ്ചായത്തുകളിലും നൽകിയിരുന്നുവെന്നും, കുത്തന്നൂർ പഞ്ചായത്ത് സെക്രട്ടറി മാത്രമേ കൊടുക്കാതെയുള്ളുവെന്നും ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്ന് രേഖാമൂലമല്ലാതെ മറുപടി ലഭിച്ചതിനാലാണ് പഞ്ചായത്ത് തീരുമാനത്തെ മാനിച്ച് കൺവീനർക്ക് അലവൻസ് അനുവദിച്ച് നൽകിയതെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

95. ആരോപണ വിധേയനായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഇ. വി. പരന്താമനിൽ നിന്നും തുക ഈടാക്കുന്നതിന് സമിതി നിർദ്ദേശം നൽകിയിട്ടും, നാളിതുവരെ മേൽ നിർദ്ദേശത്തിന്മേലുള്ള അന്തിമ മറുപടി സമിതിക്ക്. ലഭ്യമാക്കി യിട്ടില്ല. ആയതിനാൽ ടിയാനിൽ നിന്നും തുക ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പട്ടിത്തറ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കുഴൽകിണർ കുഴിക്കൽ 2,23,763 രൂപയുടെ ചെലവിന്റെ ഫലപ്രാപ്തി സംശയകരം

പഞ്ചായത്തിൽ 97-98 സാമ്പത്തിക വർഷത്തിന്റെ അവസാനം ധൃതിപിടിച്ച് ഒൻപത് കുഴൽ കിണറുകൾ കുഴിക്കുന്നതിനായി 2,23,763 രൂപചെലവഴിച്ചതിലൂടെയുള്ള ഫലപ്രാപ്തി സംശയാസ്പദമാണ്. ദീർഘവീക്ഷണ ത്തോടുകൂടി നടപ്പിലാക്കേണ്ട ഒരു പദ്ധതി ധൃതിപിടിച്ച് നടപ്പിലാക്കുന്നതിലൂടെ പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചു എന്നല്ലാതെ പദ്ധതിയുടെ പൂർത്തീകരണത്തിനോ ഭൗതീകലക്ഷ്യം കൈവരിച്ചു എന്നതിനോ ജനകീയമോ സാങ്കേതികമോ ആയ യാതൊരുവിധ സാക്ഷ്യപ്പെടുത്തലുകളും ഉണ്ടായിട്ടില്ല. കുഴൽ കിണർ കുഴിച്ചു എന്നു പറയപ്പെടുന്ന എട്ട് സ്ഥലങ്ങളിൽ വെള്ളം ലഭിച്ചു എന്നതിന് രേഖയില്ല. കൂടാതെ മുന്നിടങ്ങളിൽ ഹാൻഡ് സെറ്റോ പമ്പോ സ്ഥാപിച്ചിട്ടുമില്ല. ഈ പദ്ധതിയിൽ ചെലവഴിച്ച 2,23,763 രൂപ ധനദുർവിനിയോഗമായി മാത്രമേ കണക്കാക്കാനാവൂ.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002 ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V.9.1]

ആഡിറ്റ് ഖണ്ഡികയ്ക്ക് പട്ടിത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

96. 1. ആദ്യമറുപടി: ഗ്രാമപഞ്ചായത്തെടുത്ത 17-4-2001-ലെ 45/2001(8) തീരുമാന പ്രകാരം 11-5-2001 ലെ എ1 100/2001 മറുപടി നൽകുകയുണ്ടായി.

2. പുനരഭിപ്രായം: ഡെപ്യൂട്ടി ഡയറക്ടറുടെ 13-6-2001-ലെ എൽ.എഫ്.പി. 9-450/ 2001 കത്ത് പ്രകാരം മറുപടി തൃപ്തികരമല്ലെന്ന് അറിയിച്ചു.

3. 12-09-2001-ലെ എ1 100/2001 കത്ത് പ്രകാരം കൂടുതൽ വിശദീകരണം നൽകുകയും ആയത് 98-99 വർഷത്തെ ഓഡിറ്റുവേളയിൽ ഓഡിറ്റർമാർ പ്രാദേശിക പരിശോധന നടത്തുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

4. 1-1-02-ലെ എൽ.എഫ്.പി. 9-890-2001 കത്ത് പ്രകാരം മറുപടി തൃപ്തി കരമല്ലെന്ന് അറിയിച്ചു.

5. അന്നത്തെ സെക്രട്ടറി ശ്രീമതി എം. ടി. പത്മാവതിയുടെ വിശദീകരണ ത്തിൽ ബി.എൽ.ഇ.സി. യുടെ സാങ്കേതികാനുമതി ലഭിച്ചിരുന്നെന്നും, നടപടിക്രമങ്ങൾ പാലിച്ച് മുൻഗണനാക്രമമനുസരിച്ചാണ് കുഴൽ കിണർ കുഴിച്ചതെന്നും, മേനോത്ത് ഞാലിൽ എന്ന സ്ഥലത്ത് കുഴിച്ച കിണറിൽ വെള്ളം ലഭ്യമാകാത്തതിനാൽ ചെലവ് നടത്തിയില്ലെന്ന് അറിയിക്കുകയും, ചെലവ് നടത്തിയ ഒൻപത് കുഴൽ കിണറുകളിൽ തുടർന്നും മെയിന്റനൻസ് നടത്തുന്നതിനാൽ ഉപയോഗിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ട് പാഴ്ചെലവ് നടന്നിട്ടില്ലായെന്ന് 8-1-2003-ലെ എ1 100/01 കത്ത് ഒന്നിച്ച് വിശദീകരണം നൽകുകയുണ്ടായി.

97. 7-2-2003 -ലെ എൽ.എഫ്.പി. 9 75/03 കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കുകയുണ്ടായി.

98. കയ്യാങ്കളിപ്പറമ്പ് എന്ന സ്ഥലത്ത് കിണർ കുഴിച്ചിട്ടുണ്ടെന്ന് ലോക്കൽ വെരിഫിക്കേഷൻ നടത്തിയതിൽ നിന്ന് മനസ്സിലായതായും. എന്നാൽ വെള്ളം കിട്ടാത്തതുകൊണ്ട് പ്രസ്തുത പദ്ധതി പരാജയപ്പെട്ടുപോയെന്നു പട്ടിത്തറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

99. പ്രസ്തുത പഞ്ചായത്തുകൾക്കായി 2,23,763 രൂപയുടെ പേയ്മെന്റ് നടത്തിയിട്ടുണ്ടെന്നു ബി.എൽ.ഇ.സിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും, പട്ടാമ്പി ബോർവെൽസ് ആന്റ് എർത്ത് മൂവേഴ്സ് എന്ന ഏജൻസിയാണ് കുഴൽ കിണർ കുഴിച്ചതെന്നും, പത്രപ്പരസ്യം കൊടുത്തതനുസരിച്ച് ഒരു ക്വട്ടേഷൻ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും ആയതിനാൽ അത് ഫൈനലൈസ് ചെയ്ത് കൊടുത്തുവെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

100. പാലക്കാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുംകൂടി സ്ഥലപരിശോധന നടത്തി കിണർ കുഴിച്ചതാണെന്ന് ബോദ്ധ്യപ്പെട്ട് റിപ്പോർട്ട് ചെയ്യാൻ മേൽ പരാമർശം ഒഴിവാക്കുന്നതാണെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

101. സമിതി നിർദ്ദേശമനുസരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ സൂചിത പദ്ധതി പ്രകാരം നിർമ്മിച്ച 9 കുഴൽ കിണറുകളും ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് നൽകുകയുണ്ടായി.

102. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഭൗതിക പരിശോധന നടത്തിയതിൽ 9 കുഴൽ കിണറുകളിൽ മാല കമ്മങ്ങാട് "കുന്ന്" എന്ന സ്ഥലത്തെ കുഴൽ കിണർ മാത്രമാണ് പ്രവർത്തനക്ഷമമെന്നും കാലത്ത്കുന്ന് കരയാംപറമ്പ്, മലകൊട്ടിപ്പാറ അലപ്പറമ്പ് മത്താപ്പ് ഏരിയ ഇവയിൽ ഹാൻഡ് പമ്പ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ലെന്നും, കാടാംകുളം, കയ്യാംകളിപ്പറമ്പ് എന്നിവയിൽ ഭൂനിരപ്പിൽ ബോർ മാത്രം കാണാനുണ്ടെന്നും മലചേന്നാം കുളത്തിൽ ബോർവെൽപോലും കാണാൻ കഴിയുന്നില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

103. 9 കുഴൽ കിണറുകളിൽ ഒന്നുമാത്രമാണ് പ്രവർത്തനക്ഷമമെന്നും, മിക്കതിലും ഹാൻഡ്പമ്പ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ലെന്നുമാണ് പുനഃപരിശോധനാ റിപ്പോർട്ടിൽനിന്നും ബോദ്ധ്യമാകുന്നത്. വളരെ ദീർഘ വീക്ഷണത്തോടുകൂടി നടപ്പാക്കേണ്ട പദ്ധതികൾ നടപ്പാക്കി പണം ചെലവഴിച്ചു എന്നല്ലാതെ പദ്ധതി പൂർത്തീകരണത്തിനോ ലക്ഷ്യം കൈവരിച്ചു എന്നതിനോ ജനകീയമോ, സാങ്കേതികമോ ആയ യാതൊരുവിധ സാക്ഷ്യപ്പെടുത്തലുകളും ഉണ്ടായിട്ടില്ലെന്നുമാത്രമല്ല യാതൊരുവിധത്തിലുള്ള എഗ്രിമെന്റുകളും പഞ്ചായത്ത് കരാറുകാരുമായി ഉണ്ടാക്കിയിട്ടുമില്ല. കുഴൽ കിണർ കുഴിച്ച മൂന്നിടങ്ങളിൽ ഹാന്റ് സെറ്റോ പമ്പോ നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവ പൂർണ്ണമായും പാഴ്ചെലവാണ്. ആയതിനാൽ ഇപ്രകാരം ധനദുർവിനിയോഗം നടത്തിയവർക്കെതിരെ വകുപ്പുതല നടപടി അടിയന്തിരമായി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കപ്പൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

<u>നടപ്പിലാക്കാത്ത പദ്ധതികളുടെ പേരിൽ 22,500 രൂപ മുൻകൂർ കൈപ്പറ്റി</u>

പഞ്ചായത്തിൽ 97-98 സാമ്പത്തിക വർഷം പോസ്റ്റാഫീസ്-മാരായംകുന്ന് പള്ളിറോഡ് നിർമ്മാണം, ചോലകുളം നന്നാക്കൽ എന്നിവയുടെ പേരിൽ രണ്ട് കൺവീനർമാർ മൊത്തം 2 ലക്ഷം രൂപ മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും എന്തെങ്കിലും പണി അവർ നടത്തിയിട്ടുള്ളതായി രേഖയൊന്നുമില്ല. ഈ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും കാണുന്നില്ല. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V 9(2)]

ആഡിറ്റ് ഖണ്ഡികക്ക് കപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

"ചെയ്ത പ്രവർത്തികൾ അളന്ന് റിക്കോർഡ് ചെയ്ത് 10-2-2001-ൽ 13,485 രൂപയുടെ വാലേഷൻ തയ്യാറാക്കി പ്രവർത്തി നിർത്തിയിരിക്കുന്നു."

(പ്രവൃത്തി മുഴുവനാക്കി 2-7-1999-ൽ 32,950 രൂപ കൊടുത്തിരിക്കുന്നു.)

104. കപ്പൂർ ഗ്രാമപഞ്ചായത്തിലെ പോസ്റ്റാഫീസ്-മാരായംകുന്ന് പള്ളി റോഡ് നിർമ്മാണം, ചോലക്കുളം നന്നാക്കൽ എന്നിവയുടെ പേരിൽ രണ്ടു കൺവീനർമാർക്ക് ആയി 22,500 രൂപ നൽകിയെന്നും (ഒരുവർഷത്തിൽ പതിനായിരവും ഒന്നിന് 12,500) ഒരു വർക്ക് പൂർത്തീകരിച്ചുവെന്നും മറ്റൊന്നു ഇടയ്ക്കുവെച്ച് നിർത്തിവെച്ചതായും കപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകിയിരുന്നു.

105. "ചോലക്കുളം നന്നാക്കൽ" എന്ന പദ്ധതി മാത്രമാണ് പൂർത്തിയാക്കിയ തെന്നും, പോസ്റ്റാഫീസ്-മാരായംകുന്ന് പള്ളി റോഡ് നിർമ്മാണം, ഭാഗികമായി മാത്രമേ നടന്നുള്ളൂവെന്നും സെക്രട്ടറി വിശദീകരണം നൽകി.

106. ചോലക്കുളം പദ്ധതിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ. എൻ. ഹസ്സൻ എന്ന വ്യക്തിയാണെന്നും പോസ്റ്റാഫീസ് മരാമത്ത് പദ്ധതിയുടെ കൺവീനർ ശ്രീ. ഒ. വി. മൊഹമ്മദ് ആണെന്നും ഇതു സംബന്ധിച്ച് എല്ലാ രേഖകളും എം. ബുക്കിൽ റിക്കാർഡുചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് തെളിവു നൽകി.

107. സമിതി നിർദ്ദേശ പ്രകാരം ചോലക്കുളം അഭിവൃദ്ധിപ്പെടുത്തൽ പോസ്റ്റാഫീസ്-മാരായംകുന്ന് റോഡ് പണി ഇവയുടെ ഭൗതിക പരിശോധന, ലോക്കൽ ഫണ്ട് ആഡിറ്റ് പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. 7/99-ൽ പണി പൂർത്തീകരിച്ചതാണെന്നും അളവു പുസ്തകവും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും അഡ്വാൻസ് തുകയായ 12,500 രൂപയ്ക്കു പുറമെ 2-7-1999-ൽ 32,950 രൂപ കൂടി കൺവീനർക്കു നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും കണ്ടെത്തിയതായി ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. പോസ്റ്റാഫീസ്-മാരായംകുന്ന് റോഡ് പണിക്കായി (50,000 രൂപ അടങ്കലും 40,000 പദ്ധതി വിഹിതവും ഉൾപ്പെടുത്തിയിരുന്നുവെന്നും) 97-98-ൽ 10000 രൂപ അഡ്വാൻസ് നൽകിയിരുന്നുവെന്നും, ചെയ്ത പണിയുടെ അളവ് 10-2-01-ൽ 1/94-95 അളവു പുസ്തകത്തിൽ 96-98 പേജിൽ രേഖപ്പെടുത്തുകയും പണികൾക്ക് 13485 രൂപ മൂല്യമുണ്ടെന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും ബാക്കി പണം നൽകിയിട്ടില്ലെന്നും ഗുണഭോക്തൃസമിതി നിർവ്വഹണ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്നും, റോഡുപണി ഭാഗീകമായി മാത്രം ചെയ്തത് അവസാനിപ്പിച്ചിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് (പാലക്കാട്) ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

108. ചോലക്കുളം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി 7/99-ൽ പൂർത്തിയാക്കി യിട്ടുണ്ടെന്നും അളവു പുസ്തകവും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് നൽകിയതിൽ നിന്ന് മേൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

109. പോസ്റ്റാഫീസ് മാരായംകുന്ന് റോഡ് പദ്ധതി ഭാഗികമായി മാത്രം ചെയ്ത് അവസാനിപ്പിച്ചിരിക്കുകയാണെന്നും, പണികൾക്ക് 13,485 രൂപ മൂല്യമുണ്ടെന്ന സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നതല്ലാതെ ഗുണഭോക്തൃ സമിതി നിർവ്വഹണ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്നാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റോഡുപണിയ്ക്കായി പഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുവാനും പ്രസ്തുത തുക കൺവീനറായ ഒ. വി. മൊഹമ്മദിൽ നിന്നും ഈടാക്കുവാനും സമിതി ശുപാർശചെയ്യുന്നു.

## അഗളി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

(i) അധികൃതരുടെ അനാസ്ഥ—ആഡിറ്റ് കുടിശ്ശിക

അഗളി ഗ്രാമപഞ്ചായത്തിന്റെ 20 വർഷക്കാലത്തെ ആഡിറ്റ് കുടിശ്ശിക ആയി കിടക്കുകയാണ്. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളുടെ നിസംഗതയും അനാസ്ഥയുമാണ് ഇതിനു കാരണം. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തിട്ടപ്പെടുത്തുന്നതിനും കുടിവെള്ളം, ജലസേചനം, ഗതാഗതം, വൈദ്യുതി, പാർപ്പിടം തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ചെലവഴിച്ച തുകയും നേടിയ ഭൗതിക നേട്ടങ്ങൾ വിലയിരുത്തുന്നതിനും കഴിഞ്ഞിട്ടില്ല. വൻ കുടിശ്ശികയായി അവശേഷിക്കുന്ന നികുതികളും ലേലത്തുകകളും പിരിച്ചെടുക്കാത്തതുമൂലം പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അനുദിനം മോശമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ പണപ്പിരിവ്, ഒടുക്കൽ, ബാലൻസ് ഇവ കൃത്യമായി രേഖപ്പെടുത്തിയ യാതൊരുവിധ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുമില്ല. 1997-98 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഭീമമായ തുക ചെലവഴിച്ചതായി പറയുന്നുണ്ടെങ്കിലും ഏതൊക്കെ പദ്ധതികൾക്ക്, ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കി തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. പാർപ്പിട പദ്ധതിക്ക് മാത്രം 40 ലക്ഷം രൂപ ചെലവഴിച്ചതായി വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ കാണിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ സമഗ്രമായ ഉന്നതതല അന്വേഷണം നടത്തേണ്ടതുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V 9.3-i]

ആഡിറ്റ് ഖണ്ഡികയ്ക്ക് അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

110. ഒരു ധനാപഹരണ കേസുമായി ബന്ധപ്പെട്ട 1981-82 മുതൽ 1983-84 കൂടിയ കാലാകാലത്തെ പഞ്ചായത്തിലെ പ്രധാന രേഖകൾ വിജിലൻസ് പോലീസ് കസ്റ്റഡിയിൽ എടുക്കുകയുണ്ടായി. ആയത് തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വർഷം മുതൽ കണക്കുകൾ ഓഫീസിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ബോധിപ്പിക്കുന്നു.

111. 1986-നുശേഷം അഗളി ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായ ആഡിറ്റ് നടത്തിയിട്ടേ ഇല്ലെന്നും 2000 വരെയുള്ള ചെലവ് ആഡിറ്റ് മാത്രമാണ് നടത്തിയിട്ടുള്ള തെന്നും അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകിയിരുന്നു. പാർപ്പിട പദ്ധതിക്ക് മാത്രം 40 ലക്ഷം രൂപ ചെലവു ചെയ്തതു സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ലെന്നും ഇതുവരെ കുറെ വീടുകൾ പണി ചെയ്തിട്ടുണ്ടെന്നും എന്നാൽ ഏതു വർഷം, ഏതു സ്കീമിൽ പണി ചെയ്തു എന്നു പറയാൻ കഴിയില്ലെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമല്ലെന്ന് കണ്ടതിനാൽ സമിതി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ ഒരു അടിയന്തിര സന്ദർശനം നടത്തുന്നതാണെന്ന് (7-12-2005-ലെ) യോഗത്തിൽ അറിയിച്ചിരുന്നു.

112. ആയത് പ്രകാരം 17-1-2006-ൽ തന്നെ സമിതി അഗളി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയുണ്ടായി.

113. അഗളി ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയ മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചതുൾപ്പെടെയുള്ള 17 ഫയലുകളിൽ ഇനിയും കിട്ടാനുള്ള 6 ഫയലുകൾ കൂടി കണ്ടെത്തണമെന്നും മണ്ണാർക്കാട് പെർഫോർമെൻസ് യൂണിറ്റിന്റെ സീനിയർ സൂപ്രണ്ടും പഞ്ചായത്തിലെ സൂപ്രണ്ടുംകൂടി സ്ഥല പരിശോധന നടത്തി പ്രസ്തുത സ്കീമുകളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

"പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ജെ.ആർ.വൈ. എന്നീ മൂന്നു സ്കീമുകളിലായി ആകെ 35,39,300 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് 1997-98-ൽ 22 വീടുകൾ പൂർത്തീകരിച്ചതായും 1998-99-ൽ 15 വീടുകൾ പൂർത്തീകരിച്ചതായും 8 വീടുകൾക്ക് അവസാന ഗഡു (1500) നൽകാൻ ബാക്കിയുള്ളതായും കാണുന്നു. 2 വീടുകൾക്ക് രണ്ടു ഗഡുക്കൾ (10,500) മാത്രവും 1 വീടിന് ആദ്യ ഗഡുവായ 3000 രൂപയും നൽകിയെന്നും ആകെ 48 വീടുകൾ നിർമ്മിച്ചിരിക്കുന്നുവെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ജില്ലാ പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി പ്രകാരം 1997-98-ൽ-(1) 1998-99-ൽ-(2) ജനറൽ-(1) എസ്.സി.,-(47)-എസ്.ടി. എന്നിവ പൂർത്തീകരിച്ചതായി കാണുന്നു.

1999-2000-ൽ 11 വീടുകൾ പൂർത്തീകരിച്ചതായി കാണുന്നു. (1)-എസ്.സി., (1)-ജനറൽ, (8)-എസ്.ടി. വീടുകൾ നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നു.

ജെ.ആർ.വൈ. പ്രകാരം 22 വീടുകൾ 1997-98 വർഷത്തിൽ പൂർത്തീകരിച്ചതായി കാണുന്നുയെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

114. 1997-98-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി സേവന മേഖലയിൽ ആവിഷ്ക്കരിച്ച ഭവന നിർമ്മാണ പദ്ധതികളിൽ ആകെ 35,39,300 രൂപ വിനിയോ ഗിച്ചുവെങ്കിലും, ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിച്ചതിന് ആധാരമാക്കിയ അനുബന്ധ രേഖകൾ, പ്രവൃത്തികളുടെ പൂർത്തീകരണം ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല പഞ്ചായത്തിലെ പണപ്പിരിവ്, ഒടുക്കൽ ബാലൻസ് എന്നിവയുടെ കണക്കു പരിശോധിച്ച് യഥാകാലം സാമ്പത്തിക സ്ഥിതി ഉറപ്പുവരുത്തുന്ന തിന് പഞ്ചായത്ത് വകുപ്പിനും ഉത്തരവാദിത്വമുണ്ടെന്നും, ദീർഘകാലമായി ഒരു

പഞ്ചായത്തിലെ ആഡിറ്റ് പരിശോധന തടസ്സപ്പെട്ടിരിക്കുന്നത് വഴി അത്യന്തം ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ നിയമത്തിന്റെ പരിധിയിൽ നിന്നും രക്ഷപ്പെട്ടു പോകരുതെന്നും അടിയന്തിര പരിഗണന നൽകി ആഡിറ്റ് പരാമർശത്തിന് കാരണക്കാരായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

(ii) ഉപാധിരഹിത ഫണ്ട് (1997-98)

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് വെള്ളമാരി കമ്മുണ്ടിയൂർ റോഡിന്റെ പുനരുദ്ധാരണ വേലകൾ ചെയ്തിരിക്കുന്നത്. പി.ഡബ്ളിയു.ഡി. ഷെഡ്യൂൾ നിരക്കും പ്രാദേശിക നിരക്കും കാണിക്കുന്ന താരതമ്യ പത്രികയും സാധനങ്ങൾ കൊണ്ടുവന്നതിനുള്ള അസി.എക്സി. എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ കൺവേയൻസ് സ്റ്റേറ്റുമെന്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ 1996-ലെ പി.ഡബ്ളിയു.ഡി.ഷെഡ്യൂൾ നിരക്ക് സ്റ്റാൻഡേർഡ് ഡാറ്റ പരമാവധി കൺവേയൻസ് എന്നിവ കണക്കാക്കി ഈ ജോലിക്ക് ആവശ്യമായ ഡാറ്റ ആഡിറ്റിൽ നിജപ്പെടുത്തി അധിക തുക നിരാകരിക്കുന്നു.

ഈ ജോലിയുടെ ഒന്നാം ഇനം കട്ടിമണ്ണ് വെട്ടിയെടുക്കൽ, രണ്ടാം ഇനം ഡ്രൈറബിൾ പായ്ക്കിംഗ്, മേസനറി എന്നിവയ്ക്ക് യഥാക്രമം സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 52 പ്രകാരവും 277 പ്രകാരവും 30% പ്രാദേശിക നിരക്കുംകൂടി കണക്കാക്കിയാലും 13,346 രൂപ അധികമായി നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട്ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ V 9.3-II]

ആഡിറ്റ് ഖണ്ഡികയ്ക്ക് അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

115. ഈ പ്രവൃത്തിയിൽ നിയമവിരുദ്ധമായി അധികം നൽകിയ തുക 13,345 രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് അന്നത്തെ സെക്രട്ടറി ശ്രീ. കെ. എം. രാജഗോപാലന് A2-56/01/16-8-2002, 10-3-2003 തീയതികളിൽ നോട്ടീസ് നൽകിയ വിവരം സമർപ്പിക്കുന്നു.

116. വെള്ളമാരി-കമ്മുണ്ടിയൂർ റോഡിന്റെ പുനരുദ്ധാരണ ജോലിയുമായി ബന്ധപ്പെട്ട 13,345 രൂപ തിരിച്ചടയ്ക്കാൻ അന്നത്തെ സെക്രട്ടറി ശ്രീ. കെ. എം. രാജഗോപാലിന് നോട്ടീസ് അയച്ചതിന്റെ തുടർ നടപടി എന്തായി എന്ന് അഗളി ഗ്രാമ പഞ്ചായത്ത് സന്ദർശന വേളയിൽ സമിതി ആരായുകയുണ്ടായി.

117. ആരോപണവിധേയനായ മുൻ സെക്രട്ടറി ശ്രീ. രാജഗോപാലിന് പ്രസ്തുത തുക ബാദ്ധ്യത കാണിച്ച് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകാമെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് സമിതിക്ക് ഉറപ്പു നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

118. ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. രാജഗോപാലനെതിരെ പ്രസ്തുത തുക ബാദ്ധ്യത കാണിച്ച് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകണമെന്നും, ഇതു സംബന്ധിച്ച് അന്തിമ മറുപടി അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(iii) കുടിവെള്ള-ജലസേചന പദ്ധതികൾക്കുവേണ്ടി സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേടുകൾ

ജനകീയാസൂത്രണ പദ്ധതിയിൽ 1997-98 വർഷത്തിൽ ആരംഭിച്ച 17 വിവിധ കുടിവെള്ള-ജലസേചന പദ്ധതികൾക്കായി സാധനങ്ങൾ വാങ്ങാനായി (പമ്പുകളും പൈപ്പുകളും) മൊത്തം 12,97,586 രൂപ ചെലവു ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ശ്രദ്ധിക്കപ്പെട്ട ഗുരുതരമായ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു :

(i) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തൃശ്ശൂരുമായുണ്ടാക്കിയ പ്രധാന കരാർ അവ്യക്തവും ഉത്തരവാദപ്പെട്ട പഞ്ചായത്തധികാരികൾ ആരും ഒപ്പു വയ്ക്കാത്തതുമാണ്.

(ii) വ്യക്തമായ എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ആവശ്യത്തിലധികം വാങ്ങിയിട്ടുള്ള സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ഇഷ്യൂ കാണിക്കുകയോ ചെയ്തിട്ടില്ല.

(iii) പ്രത്യേക പർച്ചേസ് കമ്മിറ്റി ഉണ്ടായിരുന്നിട്ടും ഇത്തരം വാങ്ങലുകളിൽ കമ്മിറ്റിയുടെ അംഗീകാരം കാണുന്നില്ല.

(iv) 48,914 രൂപയുടെ ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ല.

(v) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നിർമ്മിച്ച സാധനങ്ങൾ അല്ല, മറിച്ച് നിർമ്മാതാക്കളുടെ സാധനങ്ങളുടെ ഇടനിലക്കാരൻ എന്ന നിലയിൽ മാത്രമാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പ്രവർത്തിച്ചത്. ഇതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V 9.3-iii]

ആഡിറ്റ് ഖണ്ഡികയ്ക്ക് അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

119. "സർക്കാർ പൊതുമേഖലാ സ്ഥാപനമായ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും കോർപ്പറേഷന്റെതല്ലാത്ത സാധനങ്ങൾ വാങ്ങിയതിലെ അപാകതയെപ്പറ്റി ഓഡിറ്റിനെ ബോധിപ്പിക്കാനായി ആവശ്യപ്പെട്ട് അന്നത്തെ സെക്രട്ടറി ശ്രീ. കെ. എം. രാജഗോപാലന് 16-8-2002, 10-3-2003, 18-11-2005-ലും കത്ത് നൽകിയിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു."

120. ഇതുമായി ബന്ധപ്പെട്ട് അന്നത്തെ സെക്രട്ടറി ശ്രീ. രാജഗോപാലിന് 16-8-2002-നും 10-3-2003-നും കത്തയച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലെന്നും കുടിവെള്ള ജലസേചന പദ്ധതികൾക്കുവേണ്ടി സാധനങ്ങൾ വാങ്ങുന്നതിന് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നുവെങ്കിലും കമ്മിറ്റി ചേർന്നതിന് രേഖകളോ ബന്ധപ്പെട്ട ഫയലുകളോ ഒന്നും തന്നെ ഇല്ലെന്നും സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകിയിരുന്നു.

121. 17-1-2006-ൽ അഗളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ കൂടിയ യോഗത്തിൽ 17 കുടിവെള്ള ജലസേചന പദ്ധതികൾക്കായി പമ്പും പൈപ്പും വാങ്ങിയെന്ന ആക്ഷേപവുമായി ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും മറ്റു രേഖകളും സമിതി പരിശോധിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട 11 ഫയലുകൾ സമിതി

മുമ്പാകെ ഹാജരാക്കുകയും ബാക്കിയുള്ള 6 ഫയലുകൾ കിട്ടിയിട്ടില്ലെന്നും അതിന്മേലു ള്ള ചെലവ് 8,10,517 രൂപ വരുമെന്നും അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

122. മേൽപ്പറഞ്ഞ ഫയലുകളിലൊന്നിലും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റോ, പർച്ചേസ് കമ്മിറ്റിയോ ഇടപെട്ടിട്ടില്ലാത്തതിനാൽ ടി ഫയലുകളിലെ പർച്ചേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നവർ ആരാണെന്ന് സമിതി ആരായുക യുണ്ടായി. ക്ലാർക്ക് ശ്രീ. എൻ. കെ. വിജയനും, ജൂനിയർ സൂപ്രണ്ട് ശ്രീ. ചാമുണ്ടിയുമാ ണെന്നും സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

123. പാലക്കാട് ജില്ലയിലെ ഷോളയാറും, അട്ടപ്പാടിയുമടക്കം 10 വർഷത്തിലധിക മായി അക്കൗണ്ട്സ് നൽകാത്ത പഞ്ചായത്തുകളുടെ വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് പാലക്കാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു.

124. കുടിവെള്ള ജലസേചന പദ്ധതികളെ സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ നിന്നും പരിശോധനാ റിപ്പോർട്ട് ലഭിക്കുകയുണ്ടായി.

(1) കുന്നംപാളയം ജലസേചന പദ്ധതി (ലിഫ്റ്റ് ഇറിഗേഷൻ) യുടെ പണി പൂർത്തീകരിച്ചിരുന്നുവെന്നും, എന്നാൽ എത്ര ഏക്കർ സ്ഥലത്തേക്ക് ജലസേചനം ലഭ്യ മാക്കുന്നുണ്ട് എന്ന് വ്യക്തമാക്കുകയോ, ഗുണഭോക്തൃസമിതി പദ്ധതി നടത്തിപ്പിന്റെ ചെലവു വിവരം ലഭ്യമാക്കുകയോ ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ലഭ്യമാക്കു കയോ ചെയ്തിട്ടില്ല.

(2) മണിമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ലെന്നും, കെയ്കോവിൽ നിന്നും 39,529 രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട് എങ്കിലും, പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

(3) ഗൗഡയൂർ കുടിവെള്ള പദ്ധതി.-പ്രവൃത്തിമൂല്യനിർണ്ണയം നടത്തിയതായി കാണുന്നില്ല. പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ എം. ബുക്കിൽ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിലെ പ്രധാന ഭാഗമായ പ്രവർത്തി മൂല്യനിർണ്ണയത്തിന്റെ അഭാവത്തിൽ ഈ പ്രവൃത്തിയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്നില്ല. പദ്ധതി പൂർത്തീകരണ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് ഇവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജാരാക്കിയില്ല.

125. പ്ലാമരം കുടിവെള്ള പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ലെന്നും, അളവു പുസ്തക പ്രകാരം വിനിയോഗിച്ചതായി പറയുന്ന പൈപ്പുകളുടെ അളവും കെയ്കോയുടെ ഡെലിവറി ഇൻവോയ്സ് പ്രകാരമുള്ള പൈപ്പിന്റെ അളവും പൊരുത്ത പ്പെടുന്നില്ലെന്നും സ്റ്റോക്കിൽ എടുക്കാത്തതും കാഷ്ബിൽ ഇല്ലാത്തതും കൃത്യമായ എസ്റ്റിമേറ്റില്ലാതെ ലിസ്റ്റ് തയ്യാറാക്കിയ വൗച്ചറുകളും, കൈപ്പറ്റ് രസീതുകളും, യഥാർത്ഥത്തിൽ പൈപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് സംശയം ജനിപ്പിക്കുന്നതായും പദ്ധതി പൂർത്തീകരിച്ചതിന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യ ത്തിൽ പദ്ധതിക്ക് ചെലവഴിച്ച തുക പാഴായതായി കരുതേണ്ടിവരുന്നു എന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് സൂചിപ്പിക്കുന്നു. മൗണ്ട് കാർമൽ കുടിവെള്ള പദ്ധതിയിൽ വേനൽക്കാലത്തുപോലും വെള്ളം ലഭിക്കുമെന്ന് ഗുണഭോക്താക്കൾ

സാക്ഷ്യപ്പെടുത്തിയ ഒരു കിണറും, ജലവിതരണത്തിനായി പൈപ്പുകളും ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ടെന്നും, ഇരുപതോളം കുടുംബങ്ങൾക്ക് ഈ പദ്ധതി മൂലം മൂന്ന് വർഷത്തോളം പ്രയോജനം ലഭിച്ചിരുന്നതായും ചൂണ്ടിക്കാട്ടുന്നു. വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതായും ആയതിനാൽ രണ്ടു വർഷത്തോളമായി ടി പദ്ധതി പ്രവൃത്തിക്കുന്നില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

126. കുടിവെള്ള പദ്ധതികൾക്ക് 12,97,586 രൂപയ്ക്കുള്ള വാങ്ങലുകൾ നടത്തിയപ്പോൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പഞ്ചായത്ത് ഒരു ഘട്ടത്തിലും പാലിച്ചിട്ടില്ലെന്നുള്ളത് സമിതി വളരെ ഗൗരവപൂർവ്വം കാണുന്നു.

127. പദ്ധതികളിൽ മിക്കവയും ശുദ്ധജല വിതരണത്തിനും കാർഷിക ആവശ്യത്തിനുള്ള ജലസേചനത്തിനും വേണ്ടിയുള്ളതാണെന്നിരിക്കെ വരൾച്ച ബാധിത പ്രദേശങ്ങളിലെ നീർത്തടാധിഷ്ഠിത പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ ജലസ്രോതസ്സുകളും അവയുടെ ശേഷിയും ശാസ്ത്രീയമായി ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ യാതൊരു നടപടിയും പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്താൻ കഴിയാത്തതുകൊണ്ട് പദ്ധതികളുടെ ഭൗതിക ലക്ഷ്യങ്ങൾ പോലും കൈവരിച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

128. 1997-98-ൽ പദ്ധതി നിർവ്വഹണത്തിന് ജില്ലാതല ആസൂത്രണ സമിതി അനുവദിച്ചു നൽകിയിട്ടുള്ള പ്രാദേശിക നിരക്കുകളെ അവലംബിച്ചാണ് മരാമത്തു പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്, എന്നാൽ ഏതു തരത്തിലുള്ള മാനദണ്ഡത്തെ ആസ്പദമാക്കിയാണ് പ്രവൃത്തികൾക്കുള്ള നിരക്കുകൾ നിർണ്ണയിച്ചതെന്ന് വിശദീകരിക്കാൻ കഴിയുന്ന വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ലാത്തതുകൊണ്ട് പദ്ധതി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

129. അനുവദിച്ചിട്ടുള്ള പദ്ധതിവിഹിതം പൂർണ്ണമായും ചെലവാക്കിയശേഷവും പദ്ധതി പൂർത്തീകരിക്കാനാവാതെ അടുത്ത സാമ്പത്തിക വർഷത്തിൽ വീണ്ടും പദ്ധതി വിഹിതം വകയിരുത്തുക വഴി എസ്റ്റിമേറ്റുകൾ പുതുക്കി പണി തുടരുന്ന പ്രവണതയാണ് കണ്ടുവരുന്നതെന്നും പുതുക്കി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് ഉചിതമായ അധികാരസ്ഥാനത്ത് നിന്ന് അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

130. അളവു പുസ്തകങ്ങളിലെ സാങ്കേതിക വിദഗ്ദ്ധന്റെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് സെക്യേർഡ് അഡ്വാൻസ് അനുവദിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള സാങ്കേതിക വിദഗ്ദ്ധന്റെ സാക്ഷ്യപ്പെടുത്തലുകൾ മിക്ക പ്രവൃത്തികളിലും കാണുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയായി സമിതി കരുതുന്നു.

131. ഡിപ്പാർട്ടുമെന്റലായി അനുവദിക്കുന്ന ജലവിതരണത്തിനാവശ്യമായ സാമഗ്രികൾ (പൈപ്പ്, മോട്ടോർ, അനുബന്ധ സാമഗ്രികൾ) ചില പ്രവൃത്തികളിൽ അനുവദിച്ചതിലും കൂടുതൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വാങ്ങാത്ത സാധനങ്ങൾ ഉപയോഗിച്ചതായി കണക്കാക്കി ഗുണഭോക്തൃ സമിതിക്ക് തുക അനുവദിച്ചത് ധന ദുർവിനിയോഗത്തിനും പാഴ്ചെലവിനും ഇടവരുത്തിയെന്നും സമിതി അഭിപ്രായപ്പെടുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

132. ഇപ്രകാരം വിവിധ കുടിവെള്ള ജലസേചന പദ്ധതികളിലായി ലക്ഷക്കണക്കിന് രൂപ വിനിയോഗിച്ചതു വഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയിരിക്കുന്നു. ആയതിനാൽ ഭരണ സംവിധാന വ്യവസ്ഥയുടെ നിയമങ്ങൾക്കും, വിലക്കുകൾക്കും അതീതമായി സ്വതന്ത്രരായി പ്രവർത്തിച്ച ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾക്ക് വളം വച്ചുകൊടുക്കുന്ന മേലുദ്യോഗസ്ഥർക്കെതിരെയും കർശന നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

133. വാർഷിക കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് നൽകാത്ത പഞ്ചായത്തുകൾ ഏറ്റവും കൂടുതലുള്ളത് പാലക്കാട് ജില്ലയിലാണെന്നും സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് അങ്ങനെ സംഭവിക്കുന്നതെന്നും അതിന് പരിഹാരമുണ്ടാക്കാൻ സർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു.

134. ജൂലൈ 31-നകം വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് നൽകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കാരിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് നൽകുമ്പോൾ അത് പൂർണ്ണമായും വിനിയോഗിച്ചുവെന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഗ്രാന്റിന്റെ അടുത്ത ഗഡു അനുവദിക്കുകയുള്ളൂവെന്ന നിബന്ധന കൂടി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

135. വിവിധ കുടിവെള്ള, ജലസേചന പദ്ധതികൾക്ക് വൈദ്യുതി ബോർഡിൽ പണമടച്ചതിന്റെ രസീതുകളും രേഖകളും സമിതി പരിശോധിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് നടത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പരിശോധിക്കണമെന്നും ഇതു സംബന്ധമായ ഫയൽ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു ബന്ധപ്പെട്ട എഞ്ചിനീയർമാരെ വിളിച്ച് എസ്റ്റിമേറ്റ് പ്രകാരം ചെലവഴിച്ച തുകയുടെ വർക്ക് നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുതവർക്ക് നടന്നിട്ടില്ലെങ്കിൽ വൈദ്യുതിബോർഡിന് നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

(iv) വൈദ്യുതീകരണം—വൈദ്യുതി ബോർഡിൽ പണമടച്ചതിലെ അപാകതകൾ

വിവിധ കുടിവെള്ള-ജലസേചന പദ്ധതികളുടെ വൈദ്യുതീകരണത്തിനായി അഗളി ഇലക്ട്രിക്കൽ മേജർ സെക്ഷൻ അസി.എഞ്ചിനീയറുടെ പേരിൽ മൊത്തം 15,27,710 രൂപ നൽകിയിരിക്കുന്നു. കൈപ്പറ്റു രസീതോ മറ്റ് അനുബന്ധ രേഖകളോ ഒന്നുമില്ലാതെയാണ് ടി തുക നൽകിയിരിക്കുന്നത്. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ, മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ഇത്രയും തുക നൽകിയത്. ഈ പണമടവുകൊണ്ടുള്ള ഭൗതിക നേട്ടവും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങളും ഒന്നും തന്നെ ബോർഡിൽ നിന്നു

ലഭ്യമാക്കുകയോ പഞ്ചായത്തധികാരികൾ ശ്രദ്ധിക്കുകയോ ചെയ്തിട്ടില്ല. ദീർഘവീക്ഷണ മില്ലാതെയുള്ള ഇത്തരം പാഴ്ചെലവുകളും ധനദുർവിനിയോഗവും തടയുന്നതിനാവശ്യമായ നടപടികൾ ഭരണവകുപ്പു കൈക്കൊള്ളേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V 9.3-iv]

ആഡിറ്റ് ഖണ്ഡികയ്ക്ക് അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

136. "വൈദ്യുതി ബോർഡിൽ തുക അടച്ചപ്പോൾ സൂക്ഷിക്കേണ്ടതായ രേഖകൾ ഇല്ലാത്തതിന്റെ കാരണം അറിയിക്കാൻ സെക്രട്ടറി 16-8-2002, 10-3-2003, 18-11-2005-ലും ശ്രീ. കെ. എം. രാജഗോപാലനെ അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു.

137. വൈദ്യുതീകരണത്തിനായി 15,27,710 രൂപ അഗളി ഇലക്ട്രിക്കൽ മേജർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ തുക അടച്ചതിന്റെ രേഖകളൊന്നും തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സെക്രട്ടറി സമിതിക്ക് തെളിവ് നൽകിയി രുന്നു.

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് പാലക്കാട് ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ വിശദമായ പുനഃപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ചെക്കു നമ്പർ 647815/30-6-1998 പ്രകാരം വൈദ്യുതി ബോർഡിൽ ഒടുക്കിയ 11,49,770 രൂപയുടെ 647815/30-6-1998 നമ്പർ ചെക്കിനും 647760/27-6-1998 പ്രകാരം ഒടുക്കിയ 3,77,940 രൂപയുടെ ചെക്കിനും കെ.എസ്.ഇ.ബി.യിൽ നിന്നുള്ള കൈപ്പറ്റു രസീത് ഹാജരാക്കിയിട്ടുണ്ട് എന്ന് റിപ്പോർട്ട് നൽകിയിരുന്നു.

138. 14 കുടിവെള്ള വിതരണ പദ്ധതികൾക്കുമായി ഒരു മാനദണ്ഡവുമില്ലാതെ ലക്ഷക്കണക്കിന് രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും നാളിതുവ രെയായിട്ടും പണമടച്ചുകൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ചും പദ്ധതി നിർവ്വ ഹണം സംബന്ധിച്ചും യാതൊരുവിധ രേഖകളും വിവരങ്ങളും ബോർഡിൽ നിന്ന് ലഭ്യമാക്കിയിട്ടില്ലെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

139. ഒരു മാനദണ്ഡവുമില്ലാതെ ലക്ഷക്കണക്കിന് രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരിക്കുക വഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയിരിക്കുക യാണെന്നും, ഇത് നടപടിക്രമങ്ങളുടെ ലംഘനമാണെന്നും ഇതിന് വഴി തെളിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോ ആയതിനു സാദ്ധ്യതയില്ലെ ങ്കിൽ വൈദ്യുതി ബോർഡിൽ അടച്ചിട്ടുള്ള തുക തിരിച്ചുവാങ്ങി പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

(v) <u>ഭൂതിവഴി, നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് സാധനങ്ങൾ വാങ്ങിയതിലെ അധിക ചെലവ്</u>

1997-98 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ ഭൂതിവഴി, നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ മൊത്തം 1,79,102 രൂപ ചെലവുചെയ്തതിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കാണുന്നു.

1. ക്വട്ടേഷൻ ക്ഷണിക്കാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

2. പ്രഥമദൃഷ്ട്യാ വളരെ ഉയർന്ന നിരക്കുകൾ നൽകിക്കാണുന്നു.

3. ക്യാഷ് ബിൽ, ഇൻവോയ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി 26-4-1998, 6-5-1998 എന്നീ തീയതികളിൽ അംഗീകരിച്ച പരമാവധി നിരക്കിനേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. തന്നെയുമല്ല, ആവശ്യമുള്ളതിലധികം സാധനങ്ങൾ വാങ്ങിയതായും കാണുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ മൊത്തം 44,487 രൂപ അധികചെലവ് വന്നത് ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V 9.3-v]

ആഡിറ്റ് ഖണ്ഡികയ്ക്ക് അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

140. "ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് സാധനങ്ങൾ വാങ്ങിയതിൽ അധികം നൽകിയ തുക 44,487.50 രൂപ അന്നത്തെ പ്രസിഡന്റ് ശ്രീമതി രുഗ്മിണി രാജനും സെക്രട്ടറി രാജഗോപാലനും സംയുക്തമായി അടയ്ക്കാൻ A1/33/73/05 dt. 28-11-2005 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

141. ഭൂതിവഴി, നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം ലിഫ്റ്റ് ഇറിഗേഷന് മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെന്ന് ഭൂതിവഴി എന്ന സ്ഥലത്ത് വെള്ളം പമ്പു ചെയ്യുന്നുണ്ടെന്നും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

142. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റിനും, ആ കാലത്തെ സെക്രട്ടറിക്കും തുക തിരിച്ചടക്കണമെന്നറിയിച്ച് 28-11-2005-ന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ടി ഉദ്യോഗസ്ഥർക്ക് ഡി.സി.ആർ.ജി. നൽകിയിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തുടർന്നറിയിച്ചു.

143. ഭൂതിവഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കഴിഞ്ഞ അഞ്ചു വർഷമായി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്നും എന്നാൽ നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പു ലൈൻ സ്ഥാപിക്കുന്നതൊഴികെ ബാക്കി എല്ലാ പ്രവർത്തികളും പുതിയതായി ചെയ്താൽ മാത്രമേ പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടുകയുള്ളൂ വെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

144. പ്രവൃത്തിക്കാവശ്യമായ മോട്ടോർ, പൈപ്പ് അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയത് സംബന്ധിച്ച കാഷ് ബിൽ ഫയലിൽ ലഭ്യമല്ലെന്നും അളവ് പുസ്തകം, അംഗീകരിച്ച എസ്റ്റിമേറ്റ്, പ്രവൃത്തി ബിൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ആഡിറ്റിന്റെ റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

145. 25 ഏക്കർ കൃഷി സ്ഥലത്തേക്ക് ജലസേചനം ഒരുക്കുന്നതിനുവേണ്ടി ഉദ്ദേശിച്ച് നടപ്പാക്കിയ നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുകയോ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന് ഇതുമൂലം ധന നഷ്ടവും, സമയനഷ്ടവും ഉണ്ടായി എന്നു മാത്രമല്ല, പദ്ധതി ഇപ്പോഴും പ്രാരംഭ ഘട്ട ത്തിൽ തന്നെയാണ്. പദ്ധതി പ്രയോജനപ്രദമാക്കണമെന്നും ആദ്യം മുതൽ പദ്ധതിയുടെ പ്രവൃത്തികൾ എല്ലാം പുനഃക്രമീകരിക്കേണ്ടിയിരിക്കുന്നുവെന്നും അപ്രകാരം ചെയ്യുന്നത് പ്രയോജനപ്രദമാകുമോ എന്ന് ഒരിക്കൽ കൂടി പരിശോധിച്ച് അതിനുവേണ്ട അടിയന്തിര നടപടി കൈക്കൊള്ളാൻ ഭരണവകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച്, 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങളും/ശുപാർശകളും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 3 | കാവശ്ശേരി ഗ്രാമ പഞ്ചായത്ത് | ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക പഞ്ചായത്തു ഫണ്ടിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 2. | 5 | പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത് | ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ കാലത്ത് തന്നെ ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടയ്ക്കാനുള്ള തുക പഞ്ചായത്തിൽ തിരിച്ചടച്ചു എന്നുള്ളത് ശ്ലാഘനീയമാണെന്നും മറ്റു പഞ്ചായത്തുകളും ഈ മാതൃക പിന്തുടരണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 14 | പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് | കിണറിന്റെ കാലപ്പഴക്കം ശരിയായ രീതിയിൽ നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യത്തിലും, സമിതി നേരിട്ടു പരിശോധിച്ചതിൽ വളരെയധികം കാലപ്പഴക്കമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലും പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് പൂർത്തിയാക്കുമ്പോൾ പദ്ധതി ആരംഭിച്ച തീയതി, അടങ്കൽ തുക പ്രോജക്ടിനായി ഫണ്ട് സ്വരൂപിച്ചതിന്റെ വിശദാംശങ്ങൾ പൂർത്തിയാക്കിയ തീയതി എന്നിവ രേഖപ്പെടുത്തിയ ഫലകങ്ങൾകൂടി പൊതു പദ്ധതികൾ, കിണർ മുതലായ പ്രോജക്ട് സൈറ്റുകളിൽ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കികൊണ്ട് സർക്കാർ തലത്തിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 22,23,24 | ,, | സമിതി 17-1-2006-ലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സന്ദർശന വേളയിൽ പ്രവർത്തനക്ഷമമല്ലാത്ത ട്രാക്ടറും, ഗ്രില്ലറും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടതായും അവ ഇപ്പോൾ കൈവശം സൂക്ഷിക്കുന്ന ശ്രീ. ജയമാധവൻ അതു കൈമാറാൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തയ്യാറാണെന്നും ട്രാക്ടറും, ട്രില്ലറും പാടശേഖര സമിതിയുടെ പേരിലേക്ക് മാറ്റുന്നതിനുവേണ്ടി കരാർ ആയിട്ടുണ്ടന്നും വായ്പ മുഴുവൻ അടച്ചു തീർത്തിട്ടുണ്ടെന്നും ആർ. സി. ബുക്കിന്റെ പകർപ്പ് സമിതിക്ക് അയച്ചുതരാമെന്ന് ഉറപ്പ് നൽകിയിരുന്നു. ആയതിനാൽ ശ്രീ. ജയമാധവന്റെ പേരിലുള്ള ട്രാക്ടറിന്റെയും ട്രില്ലറിന്റെയും ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>ട്രാക്ടറും, ട്രില്ലറും പാടശേഖര സമിതിക്ക് കൈമാറുന്നതോടൊപ്പം അത് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടി കൈകൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>ട്രാക്ടറും, ട്രില്ലറും പാടശേഖര സമിതിക്ക് കൈമാറിയതു സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്കു നൽകി ആഡിറ്റ് പരാമർശം തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 30 | അയിലൂർ ഗ്രാമ പഞ്ചായത്ത് | ശ്രീ. പി. സി. അയ്യപ്പൻ തുക തിരിച്ചടച്ചോ എന്നത് സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ സമിതിയ്ക്ക് ലഭ്യമായിട്ടില്ല. വകുപ്പുതല അന്വേഷണം നടത്തി റിക്കവറി വഴി തുക ഈടാക്കി 15 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമായും സമിതിയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു. ഇത്രയും ഗുരുതരമായ ക്രമക്കേട് നടത്തിയ മുൻ സെക്രട്ടറിയിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആയിനാൽ പ്രസ്തുത ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ആരായുന്നതിനും മുൻ സെക്രട്ടറിയിൽ നിന്നും തുക തിരിച്ചു പിടിച്ച് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 35 | ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് | ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. വി. അറുമുഖൻ സമിതിക്ക് സമർപ്പിച്ചിരുന്ന ഹർജി 3-3-2006-ലെ സമിതി യോഗത്തിൽ പരിഗണിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും ടി എക്സ്പെൻഡിച്ചറിന് നിയമ സാധുതയില്ലെന്നും ബോദ്ധ്യപ്പെട്ടതിനാൽ ടിയാളിൽ നിന്ന് മുഴുവൻ തുകയും ഈടാക്കണമെന്ന് സമിതി ശക്തിയായി ശുപാർശ ചെയ്യുന്നു. |
| 7 | 38 | ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് | ലോക്കൽ ഫണ്ട് ആഡിറ്റ് മേൽപരാമർശം ഒഴിവാക്കിയതിനാൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കാവുന്നതാണ്. |
| 8 | 42 | തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത് | ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റും വിനിയോഗ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയതായും എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൂടി അടിയന്തിരമായി ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | 45 | കണ്ണാടി ഗ്രാമ പഞ്ചായത്ത് | നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നതെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 10 | 48 | ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | രേഖകൾ ലോക്കൽ ഫണ്ട് ഡയറക്ടർക്ക് കൈമാറണമെന്ന സമിതി നിർദ്ദേശം നടപ്പാക്കിയോ എന്നത് സംബന്ധിച്ച ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നോ ആഡിറ്റ് പരാമർശം ഒഴിവാക്കിയത് സംബന്ധിച്ച് ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ നിന്നോ നാളിതുവരെ യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഗുരുതരമായ വീഴ്ചയായി സമിതി ഇതിനെ വിലയിരുത്തുന്നു. ആയതിനാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും പ്രസ്തുത രേഖകൾ സമിതി നിർദ്ദേശപ്രകാരം യഥാസ്ഥാനങ്ങളിൽ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 51 | പല്ലശ്ശന ഗ്രാമ പഞ്ചായത്ത് | ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 12 | 55 | നെല്ലായ ഗ്രാമ പഞ്ചായത്ത് | പാലക്കാട് ജില്ലാ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയിൽ മേൽ പരാമർശം തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 13 | 64 | പെരിങ്ങോട്ടു കുറിശ്ശി ഗ്രാമ പഞ്ചായത്ത് | മിൽമയുടെ മലമ്പുഴയിലുള്ള കാറ്റിൽഫീഡ് ഫാക്ടറിയിൽ നിക്ഷേപിച്ചിരുന്ന 1,25,000 രൂപ ലഭ്യമായെങ്കിലും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചിട്ടുള്ള തുക തിരികെ ലഭിച്ചിട്ടില്ല. ആയതു ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വികരിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 69 | വടകരപ്പതി ഗ്രാമ പഞ്ചാ യത്ത് | എൽ.എഫ്.എ.യുടെ പുനഃപരിശോധന കുറിപ്പിന്റെ വെളിച്ചത്തിൽ മേൽ പരാമർശം ഒഴിവാക്കാവുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 76 | ഓങ്ങല്ലൂർ ഗ്രാമ പഞ്ചാ യത്ത് | അർഹതപ്പെട്ട തുക മാത്രമേ നൽകിയിട്ടുള്ളൂ എന്നും പുന:പരിശോധനാ റിപ്പോർട്ടിൽ പരാമർശി ച്ചിട്ടുള്ളതിനാൽ പ്രസ്തുത പരാമർശം ഒഴിവാ ക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 16 | 83 | ചാലിശ്ശേരി ഗ്രാമ പഞ്ചാ യത്ത് | പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5/18-10-1997 ബിൽ പ്രകാരം 1,60,221 രൂപ നൽകിയത് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ മേൽ പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 17 | 90 | കുത്തന്നൂർ ഗ്രാമ പഞ്ചായത്ത് | പ്രസ്തുത പരാമർശത്തിന് കാരണക്കാരനായ അന്നത്തെ സെക്രട്ടറി ശ്രീ. പരന്താമനിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നാളിതുവരെ മേൽ നിർദ്ദേശത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതിയെ അറിയിച്ചിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് സ്വികരിച്ച നടപടികൾ അടിയന്തിരമായി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18 | 95 | കുത്തന്നൂർ ഗ്രാമ പഞ്ചായത്ത് | ആരോപണ വിധേയനായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഇ. വി. പരന്താമനിൽ നിന്നും തുക ഈടാക്കുന്നതിന് സമിതി നിർദ്ദേശം നൽകിയിട്ടും, നാളിതുവരെ മേൽ നിർദ്ദേശത്തിന്മേലുള്ള അന്തിമ മറുപടി സമിതിക്ക്. ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയാനിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | 103 | പട്ടിത്തറ ഗ്രാമ പഞ്ചായത്ത് | 9 കുഴൽ കിണറുകളിൽ ഒന്നുമാത്രമാണ് പ്രവർത്തനക്ഷമമെന്നും, മിക്കതിലും ഹാൻഡ്പമ്പ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ലെന്നുമാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും ബോദ്ധ്യമാകുന്നത്. വളരെ ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കേണ്ടുണ്ട പദ്ധതികൾ നടപ്പാക്കി പണം ചെലവഴിച്ചു എന്നല്ലാതെ പദ്ധതി പൂർത്തീകരണത്തിനോ ലക്ഷ്യം കൈവരിച്ചു എന്നതിനോ ജനകീയമോ, സാങ്കേതികമോ ആയ യാതൊരുവിധ സാക്ഷ്യപ്പെടുത്തലുകളും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല യാതൊരു വിധത്തിലുള്ള എഗ്രിമെന്റുകളും പഞ്ചായത്ത് കരാറുകാരുമായി ഉണ്ടാക്കിയിട്ടുമില്ല. കുഴൽ കിണർ കുഴിച്ച മൂന്നിടങ്ങളിൽ ഹാന്റ് സെറ്റോ പമ്പോ നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവ പൂർണ്ണമായും പാഴ്ചെലവാണ്. ആയതിനാൽ ഇപ്രകാരം ധനദുർവിനിയോഗം നടത്തിയവർക്കെതിരെ വകുപ്പുതല നടപടി അടിയന്തിരമായി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 20 | 108 | കപ്പൂർ ഗ്രാമ പഞ്ചായത്ത് | ചോലക്കുളം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി 7/99-ൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും അളവു പുസ്തകവും ബന്ധപ്പെട്ട രേഖകളും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരിശോധനയ്ക്ക് നൽകിയതിൽ നിന്നും മേൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കുന്നതാണ്. |
| 21 | 109 | കപ്പൂർ പഞ്ചായത്ത് | പോസ്റ്റാഫീസ് മാരായംകുന്ന് റോഡ് പദ്ധതി ഭാഗികമായി മാത്രം ചെയ്ത് അവസാനിപ്പിച്ചിരിക്കുകയാണെന്നും, പണികൾക്ക് 13,485രൂപ മൂല്യമുണ്ടെന്ന സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നതല്ലാതെ ഗുണഭോക്തൃ സമിതി നിർവ്വഹണ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്നുമാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റോഡുപണിക്കായി പഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളുവാനും പ്രസ്തുത തുക കൺവീനറായ ഒ. വി. മൊഹമ്മദിൽ നിന്നും ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 114 | അഗളി ഗ്രാമ പഞ്ചായത്ത് | 1997-98-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി സേവന മേഖലയിൽ ആവിഷ്ക്കരിച്ച ഭവന നിർമ്മാണ പദ്ധതികളിൽ ആകെ 35.393 ലക്ഷം രൂപ വിനിയോഗിച്ചുവെങ്കിലും, ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിച്ചതിന് ആധാരമാക്കിയ അനുബന്ധ രേഖകൾ, പ്രവൃത്തികളുടെ പൂർത്തീകരണം ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ പണപ്പിരിവ്, ഒടുക്കൽ ബാലൻസ് എന്നിവയുടെ കണക്കു പരിശോധിച്ച് യഥാകാലം സാമ്പത്തിക സ്ഥിതി ഉറപ്പു വരുത്തുന്നതിന് പഞ്ചായത്ത് വകുപ്പിനും ഉത്തരവാദിത്വമുണ്ടെന്നും, ദീർഘ കാലമായി ഒരു പഞ്ചായത്തിലെ ആഡിറ്റ് പരിശോധന തടസ്സപ്പെട്ടിരിക്കുന്നത് വഴി അത്യന്തം ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ നിയമത്തിന്റെ പരിധിയിൽ നിന്നും രക്ഷപ്പെട്ടു പോകരുതെന്നും അടിയന്തിര പരിഗണന നൽകി ആഡിറ്റ് പരാമർശത്തിന് കാരണക്കാരായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | 118 | അഗളി ഗ്രാമ പഞ്ചായത്ത് | ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. രാജഗോപാലനെതിരെ പ്രസ്തുത തുക ബാദ്ധ്യത കാണിച്ച് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകണമെന്നും, ഇതു സംബന്ധിച്ച് അന്തിമ മറുപടി അടിയന്തിര മായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 24 | 132, 133<br>134, 135 | ,, | ഇപ്രകാരം വിവിധ കുടിവെള്ള ജലസേചന പദ്ധതികളിലായി ലക്ഷക്കണക്കിന് രൂപ വിനിയോഗി ച്ചതുവഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നട ത്തിയിരിക്കുന്നു. ആയതിനാൽ ഭരണ സംവിധാന വ്യവസ്ഥയുടെ നിയമങ്ങൾക്കും, വിലക്കുകൾക്കും അതീതമായി സ്വതന്ത്രരായി പ്രവർത്തിച്ച ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടി കൈക്കൊളളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾക്ക് വളം വച്ചുകൊടു ക്കുന്ന മേലുദ്യോഗസ്ഥർക്കെതിരെയും കർശന നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>വാർഷിക കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് നൽകാത്ത പഞ്ചായത്തുകൾ ഏറ്റവും കൂടുതലു ളളത് പാലക്കാട് ജില്ലയിലാണെന്നും സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് അങ്ങനെ സംഭവിക്കുന്ന തെന്നും അതിന് പരിഹാരമുണ്ടാക്കാൻ സർക്കാരി നോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശി ക്കുന്നു.<br><br>ജൂലൈ 31-നകം വാർഷിക ധനകാര്യ സ്റ്റേറ്റു മെന്റ് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കാർ അനുവാദം വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ ഒഴി വാക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് പ്ലാൻ ഫണ്ട് നൽകുമ്പോൾ അത് പൂർണ്ണ മായും വിനിയോഗിച്ചുവെന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഗ്രാന്റിന്റെ അടുത്ത ഗഡു അനുവദിക്കുകയുള്ളൂവെന്ന നിബന്ധന കൂടി ബന്ധ പ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിവിധ കുടിവെളള, ജലസേചന പദ്ധതികൾക്ക് വൈദ്യുതി ബോർഡിൽ പണമടച്ചതിന്റെ രസീതുകളും രേഖകളും സമിതി പരിശോധിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് നടത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പരിശോധിക്കണമെന്നും ഇതു സംബന്ധമായ ഫയൽ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു ബന്ധപ്പെട്ട എഞ്ചിനീയർമാരെ വിളിച്ച് എസ്റ്റിമേറ്റ് പ്രകാരം ചെലവഴിച്ച തുകയുടെ വർക്ക് നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വർക്ക് നടന്നിട്ടില്ലെങ്കിൽ വൈദ്യുതി ബോർഡിന് നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 25 | 139 | അഗളി ഗ്രാമ പഞ്ചായത്ത് | ഒരു മാനദണ്ഡവുമില്ലാതെ ലക്ഷക്കണക്കിന് രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരിക്കുകവഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയിരിക്കുകയാണെന്നും ഇത് നടപടിക്രമങ്ങളുടെ ലംഘനമാണെന്നും ഇതിന് വഴിതെളിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോ ആയതിന് സാദ്ധ്യതയില്ലെങ്കിൽ വൈദ്യുതി ബോർഡിൽ അടച്ചിട്ടുള്ള തുക തിരിച്ചുവാങ്ങി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 26 | 145 | ,, | 25 ഏക്കർ കൃഷിസ്ഥലത്തേക്ക് ജലസേചനം ഒരുക്കുന്നതിനുവേണ്ടി ഉദ്ദേശിച്ച് നടപ്പിലാക്കിയ നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുകയോ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന് ഇതുമൂലം ധനനഷ്ടവും സമയനഷ്ടവും ഉണ്ടായി എന്നുമാത്രമല്ല പദ്ധതി ഇപ്പോഴും പ്രാരംഭ ഘട്ടത്തിൽ തന്നെയാണ്. പദ്ധതി പ്രയോജനപ്രദമാക്കണമെന്നും ആദ്യംമുതൽ പദ്ധതിയുടെ പ്രവർത്തികൾ എല്ലാം പുനഃക്രമീകരിക്കേണ്ടിയിരിക്കുന്നുവെന്നും അപ്രകാരം ചെയ്യുന്നത് പ്രയോജനപ്രദമാകുമോയെന്ന് ഒരിക്കൽകൂടി പരിശോധിച്ച് അതിനുവേണ്ട അടിയന്തിര നടപടി കൈക്കൊള്ളാൻ ഭരണവകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**-ാമത് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദീകരണ പത്രിക**
(Action Taken Statement)

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ശുപാർശ/നിർദ്ദേശം | ശുപാർശ/നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| | | | മാതൃക |